# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാടായി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ/സി2/765/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 18/08/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാടായി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാടായി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാടായി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-7-1, 1-15, 1-28 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ/സി2/765/2021 തീയ്യതി: 18/08/2021

## കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2019 മുതൽ 09-07-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 12-07-2021 | 16-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-07-2021 | 28-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഷഹീൻ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി നിഷ.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.സബിത.കെ, ഓഡിറ്റർ
ശ്രീമതി.അനു അബ്രഹാം, ഓഡിറ്റർ
ശ്രീ.പ്രമോദ്.കെ, ഓഡിറ്റർ.

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുഹറാബി എ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ സഹീദ് കായിക്കാരൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.ചന്ദ്രൻ.എം.വി. | സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീ.ഫാറൂഖ്.എം.കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-06-2020 | 16-06-2020 |
| ശ്രീ.ശംസുദ്ദീൻ.കെ. | സെക്രട്ടറി | 08-07-2020 | 09-03-2021 |
| ശ്രീ.ശിവദാസൻ.കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-03-2021 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ചന്ദ്രൻ എം വി | സെക്രട്ടറി | 01-04-2020 | 15-06-2020 |
| ശ്രീ ഫാറൂഖ് എം കെ | ജൂനിയർ സൂപ്രണ്ട്, സെക്രട്ടറി - ഇൻ-ചാർജ്ജ് | 16-06-2020 | 07-07-2020 |
| ശ്രീ ശംസുദ്ദീൻ കെ ബി | സെക്രട്ടറി | 08-07-2020 | 09-03-2021 |
| ശ്രീ ശിവദാസൻ കെ | അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി - ഇൻ -ചാർജ്ജ് | 10-03-2021 | 31-03-2021 |
| ശ്രീമതി അനിത ടി സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 05-08-2020 |
| ശ്രീമതി അശ്വനി ചെമ്മഞ്ചേരി | അസിസ്റ്റന്റ് എഞ്ചിനീയർ | 06-08-2020 | 31-03-2021 |
| ശ്രീ വിനോദ് കുമാർ ടി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ബീന കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.സമീർ പി കെ | മെഡിക്കൽ ഓഫീസർ, പി എച്ച് | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | സി | | |
| ഡോ.സൂബിമോൾ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ.സരിഗ പി | വെറ്ററിനറി സർജൻ | 01-04-2020 | 26-06-2020 |
| ഡോ.ശ്രീലേഖ കെ പി | വെറ്ററിനറി സർജൻ | 27-06-2020 | 07-10-2020 |
| ഡോ.സുജയ് പി വി | വെറ്ററിനറി സർജൻ | 08-10-2020 | 31-03-2021 |
| ശ്രീമതി ഗീത വി കെ | ഹെഡ്മിസ്ട്രസ്സ് | 01-04-2020 | 30-06-2020 |
| ശ്രീ ബാബു കെ | ഹെഡ്മാസ്റ്റർ | 01-07-2020 | 31-03-2021 |
| ശ്രീമതി ലയ ജയറാം | വി ഇ ഒ, പുതിയങ്ങാടി | 01-04-2020 | 31-03-2021 |
| ശ്രീ സുനിൽ കുമാർ പി | വി ഇ ഒ, മാടായി | 01-04-2020 | 31-03-2021 |
| ശ്രീ ഫാറൂഖ് എം കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 16-06-2020 |
| ശ്രീ ശിവദാസൻ കെ | അസിസ്റ്റന്റ് സെക്രട്ടറി | 17-06-2020 | 31-03-2021 |
| ശ്രീ രാജേന്ദ്രൻ കെ വി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 31-12-2020 |
| ശ്രീമതി മിനി നാരായണൻ പി വി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-01-2021 | 31-03-2021 |

12.11.2020 മുതൽ 29.12.2020 വരെ സെക്രട്ടറി, കൃഷി ഓഫീസർ, അസി.എഞ്ചിനീയര എന്നിവരടങ്ങിയ ഭരണ നിർവ്വഹണ സമിതിയാണ് നിലവിലുണ്ടായിരുന്നത്.

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shaheen.P (Asst. Audit Officer, On 01-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Shaheen.P (Asst. Audit Officer, On 01-08-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 01-08-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Shaheen.P (Asst. Audit Officer, On 01-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Shaheen.P (Asst. Audit Officer, On 01-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-08-2021) | 1-4 |
| 5 | വിനിയോഗത്തിലെ കുറവ്-ഗ്രാമപഞ്ചായത്തിന് 1.20കോടി രൂപ നഷ്ടപ്പെട്ടു.<br>Written By: Shaheen.P (Asst. Audit Officer, On 01-08-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 01-08-2021) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Shaheen.P (Asst. Audit Officer, On 01-08-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 01-08-2021) | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി<br>Written By: Nisha K (Senior Grade Auditor, On 01-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-6 |
| 8 | ടെണ്ടർ രജിസ്റ്റർ അപൂർണ്ണം, ടെണ്ടർ ഫയൽ സൂക്ഷിക്കുന്നില്ല<br>Written By: Nisha K (Senior Grade Auditor, On 01-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-6-1 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: Anu Abraham (Auditor, On 01-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-7 |
| 10 | പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല<br>Written By: Anu Abraham (Auditor, On 29-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-7-1 |
| 11 | ക്യാഷ് ബാലൻസ്<br>Written By: Shaheen.P (Asst. Audit Officer, On 01-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Nisha K (Senior Grade Auditor, On 01-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Shaheen.P (Asst. Audit Officer, On 01-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-10 |
| 14 | രസീത് ബുക്കുകളുടെ ആഭ്യന്തര പരിശോധന കാര്യക്ഷമമല്ല.<br>Written By: Pramod K (Auditor, On 30-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-11 |
| 15 | തൊഴിൽ നികുതി അപാകതകൾ<br>Written By: Pramod K (Auditor, On 29-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-12 |
| 16 | ഇ-ടെണ്ടർ വഴി നടപ്പാക്കിയ പ്രവൃത്തികൾ - ടെണ്ടർഫാറം വിലപഞ്ചായത്തിൽ വരവുവന്നിട്ടില്ല.<br>Written By: Shaheen.P (Asst. Audit Officer, On 01-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-13 |
| 17 | മലനാട് മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി - | 1-14 |

| | | |
|---|---|---|
| | പഞ്ചായത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.<br>Written By: Shaheen.P (Asst. Audit Officer, On 01-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-08-2021) | |
| 18 | ജനറൽ പർപ്പസ് ഫണ്ട് 13,94,400 നഷ്ടപ്പെട്ടു.<br>Written By: Shaheen.P (Asst. Audit Officer, On 01-08-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 01-08-2021) | 1-15 |
| 19 | എസ് എൽ ഐ പ്രീമിയം നിശ്ചിത നിരക്കിൽ ഒടുക്കുന്നില്ല.<br>Written By: Nisha K (Senior Grade Auditor, On 30-07-2021)<br>Last Updated By: Nisha K (Senior Grade Auditor, On 30-07-2021) | 1-16 |
| 20 | 2015-16 മുതലുള്ള മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു<br>Written By: Nisha K (Senior Grade Auditor, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-17 |
| 21 | ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല<br>Written By: Nisha K (Senior Grade Auditor, On 30-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-18 |
| 22 | ലൈഫ് ഭവന നിർമ്മാണം ജനറൽ-പദ്ധതി നിർവ്വഹണത്തിന്റെ മുഴുവൻ രേഖകളും,രജിസ്റ്ററുകളും ഹാജരാക്കേണ്ടതാണ്.<br>Written By: Pramod K (Auditor, On 30-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-19 |
| 23 | ലൈഫ് ഭവന പദ്ധതി-നിലവിലുള്ള ആസ്തികൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.<br>Written By: Shaheen.P (Asst. Audit Officer, On 01-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-20 |
| 24 | ആശ്രയ ഭവന പുനരുദ്ധാരണം- വാലുവേഷൻ സർട്ടിഫിക്കറ്റും, ചെലവ് സംബന്ധിച്ച രേഖകളും ഹാജരാക്കിയിട്ടില്ല.<br>Written By: Pramod K (Auditor, On 29-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-08-2021) | 1-21 |
| 25 | അങ്കണവാടി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്.<br>Written By: Sabitha.K (Auditor, On 29-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-22 |
| 26 | അഗതി രഹിത കേരളം പദ്ധതി - അവലോകനം<br>Written By: Nisha K (Senior Grade Auditor, On 31-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-23 |
| 27 | മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: Sabitha.K (Auditor, On 29-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-24 |
| 28 | പട്ടികജാതിക്കാരായ വയോജനങ്ങൾക്ക് കട്ടിൽ വിതരണം-₹ 1,76,829 തടസ്സപ്പെടുത്തുന്നു.<br>Written By: Anu Abraham (Auditor, On 30-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-25 |
| 29 | പുതിയങ്ങാടി ബസ് സ്റ്റാന്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. 17 ലക്ഷത്തോളം രൂപ നിഷ്ക്രിയമായി കിടക്കുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 01-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-26 |
| 30 | ചെലവ് രേഖകൾ ഹാജരാക്കിയില്ല -10750/- രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Sabitha.K (Auditor, On 29-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-08-2021) | 1-27 |

| | | |
|---|---|---|
| 31 | 2016ൽ പൂർത്തിയായ മെറ്റീരിയൽ കലക്ഷൻ സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.<br>Written By: Shaheen.P (Asst. Audit Officer, On 01-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-28 |
| 32 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.<br>Written By: Pramod K (Auditor, On 29-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-29 |
| 33 | വിതരണ രേഖകൾ ഹാജരാക്കിയില്ല<br>Written By: Pramod K (Auditor, On 30-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-30 |
| 34 | ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല<br>Written By: Sabitha.K (Auditor, On 29-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-31 |
| 35 | പൂർത്തിയായ മരാമത്ത് പ്രവർത്തികളുടെ ബിൽ സമർപ്പിക്കുന്നതിലെ കാലതാമസം പദ്ധതി പണം നഷ്ടപ്പെടുന്നതിന് ഇടയാക്കുന്നു.<br>Written By: Shaheen.P (Asst. Audit Officer, On 01-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 18-08-2021) | 1-32 |
| 36 | സ്റ്റോർ പർച്ചേയ്സ് മാനദണ്ഡങ്ങൾ പാലിക്കാതെ പദ്ധതി നടപ്പാക്കി<br>Written By: Sabitha.K (Auditor, On 29-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-33 |
| 37 | കുഞ്ഞുമാവിൻ ഇട്ടൽ സാംസ്കാരിക നിലയത്തിന് ഫർണ്ണിച്ചർ-ടെണ്ടർ അംഗീകരിച്ചതിലെ അപാകങ്ങൾ<br>Written By: Anu Abraham (Auditor, On 30-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-34 |
| 38 | സ്കൂളിൽ പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം -ഗുണഭോക്താക്കളുടെ വിവരം ലഭ്യമല്ല.- ₹89,500 തടസ്സപ്പെടുത്തുന്നു<br>Written By: Anu Abraham (Auditor, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-08-2021) | 1-35 |
| 39 | സമയബന്ധിതമായി കരാർ ചമക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല.<br>Written By: Shaheen.P (Asst. Audit Officer, On 01-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-36 |
| 40 | പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് വിതരണം-ലാപ്ടോപ്പ് ലഭ്യമാക്കിയത് പഠനകാലയളവിനു ശേഷം.<br>Written By: Anu Abraham (Auditor, On 30-07-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 17-08-2021) | 1-37 |
| 41 | മത്സ്യത്തൊഴിലാളികളുടെ പെൺകുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം-അപാകങ്ങൾ<br>Written By: Anu Abraham (Auditor, On 30-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-38 |
| 42 | ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ -₹275,000 തടസ്സപ്പെടുത്തുന്നു.<br>Written By: Anu Abraham (Auditor, On 30-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-39 |
| 43 | ക്ഷീരസംഘം മുഖേന കാലിത്തീറ്റ വിതരണം-ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല.₹ 2,70,195/- തടസ്സപ്പെടുത്തുന്നു | 1-40 |

| | | |
|---|---|---|
| | Written By: Anu Abraham (Auditor, On 30-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | |
| 44 | പട്ടികജാതി വിഭാഗക്കാർക്ക് കാലിത്തീറ്റ സബ്സിഡി -ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല. ₹74000/- തടസ്സപ്പെടുത്തുന്നു<br>Written By: Anu Abraham (Auditor, On 30-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-41 |
| 45 | മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ്-കൃത്യത ഉറപ്പാക്കുന്നില്ല<br>Written By: Shaheen.P (Asst. Audit Officer, On 01-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-42 |
| 46 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ-മോണിറ്ററിംഗ് ഘട്ടങ്ങൾ കാര്യക്ഷമമാക്കണം<br>Written By: Shaheen.P (Asst. Audit Officer, On 01-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-43 |
| 47 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നടപടിക്രമം പാലിക്കാതെ പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച്<br>Written By: Nisha K (Senior Grade Auditor, On 01-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 1-44 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shaheen.P (Asst. Audit Officer, On 01-08-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 18-08-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shaheen.P (Asst. Audit Officer, On 31-07-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 01-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 16-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shaheen.P (Asst. Audit Officer, On 01-08-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 01-08-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Shaheen.P (Asst. Audit Officer, On 01-08-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 01-08-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Shaheen.P (Asst. Audit Officer, On 01-08-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 01-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shaheen.P (Asst. Audit Officer, On 01-08-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 01-08-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shaheen.P (Asst. Audit Officer, On 01-08-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 01-08-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Shaheen.P (Asst. Audit Officer, On 01-08-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 01-08-2021) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shaheen.P (Asst. Audit Officer, On 02-08-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 17-08-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shaheen.P (Asst. Audit Officer, On 31-07-2021)<br>Last Updated By: Shaheen.P (Asst. Audit Officer, On 02-08-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്സ് | |

## ഭാഗം -1

### 1-1 ബജറ്റ്

26-03-2020 തീയതിയിലെ 1/2020(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 17-02-2021 തീയതിയിലെ 4/45/2021 തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 05.07.2021 | തിരിച്ചയച്ചിട്ടില്ല |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 07/06/2021 തീയതിയിലെ യോഗത്തിലെ 124/2021 തീരുമാന പ്രകാരമാണ് 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചത്.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 13260742 |
| വരവ് | 72769938 |
| ആകെ | 86030680 |
| ചെലവ് | 73859363 |
| നീക്കിയിരിപ്പ് | 12171317 |
| വരവിനങ്ങളിലുള്ള നഷ്ടം | 5388 |
| ചെലവിനങ്ങളിലുള്ള നഷ്ടം | - |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 2544491 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 15001000 | 15001000 | 14429797 | 571203 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 6181000 | 6181000 | 4640923 | 1540077 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ACR പ്രകാരം) | 0 | 20393377 | 20393377 | 10866262 | 9527115 |
| കെ.എൽ. എസ്. ജി. ഡി.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 6321000 | 6321000 | 5928701 | 392299 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)(ACR പ്രകാരം) | 0 | 4875186 | 4875186 | 4875186 | 0 |
| സാക്ഷരത | 5009 | 123 | 5132 | 0 | 5132 |
| ദുരിതാശ്വാസനിധി | 20905 | 15159 | 36064 | 32000 | 4064 |
| കേന്ദ്ര ഫണ്ട് | | | | | |
| പൂരക പോഷകാഹാരം | 844530 | 1157431 | 2001961 | 2000000 | 1961 |
| ടോയ് ലറ്റ് നിർമ്മാണം എയ്ഡഡ് സ്കൂൾ | 361381 | 0 | 361381 | 196474 | 164907 |
| വാർഡ് തല ശുചിത്വ ഫണ്ട് | 200000 | 400000 | 600000 | 400000 | 200000 |
| ശുചിത്വമിഷൻ പെർഫോമൻസ് ഫണ്ട് | 0 | 2704267 | 2704267 | 991438 | 1712829 |
| ഒ ഡി എഫ് | 116800 | 0 | 116800 | 0 | 116800 |
| സംസ്ഥാന ഫണ്ട് | | | | | |
| വിമുക്തി | 22400 | 0 | 22400 | 9500 | 12900 |
| കില ട്രെയിനിംഗ് | 0 | 20450 | 20450 | 20450 | 0 |
| ബഡ്സ് സ്കൂൾ | 0 | 636107 | 636107 | 436107 | 200000 |
| അഗതി രഹിത കേരളം | 0 | 788867 | 788867 | 788867 | 0 |
| കുടുംബശ്രീ ബാലസഭ | 5100 | 0 | 5100 | 5100 | 0 |
| പഞ്ചായത്ത് ഇലക്ഷൻ | 0 | 49500 | 49500 | 49500 | 0 |
| അംഗൻവാടികൾക്ക് നെയിം ബോർഡ് | 0 | 42000 | 42000 | 42000 | 0 |

പദ്ധതിയേതരഗ്രാന്റ് വിനിയോഗ പത്രിക ഐ.കെ.എം. തയ്യാറാക്കിയത് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി വിനിയോഗ വിവരങ്ങൾ പരിശോധന നടത്തി ബോധ്യപ്പെട്ടതിനു വിധേയമായി അനുബന്ധം-2 സാക്ഷ്യപത്രം പുറപ്പെടുവിക്കുന്നു.

## 1-4-1 വിനിയോഗത്തിലെ കുറവ്-ഗ്രാമപഞ്ചായത്തിന് 1.20കോടി രൂപ നഷ്ടപ്പെട്ടു.

2020-21 സാമ്പത്തികവർഷത്തിൽ 62 സ്പിൽ ഓവർ പ്രൊജക്ടുകളും 131 പുതിയ പ്രൊജക്ടുകളും ഉൾപ്പെടെ 193 പ്രൊജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചതിൽ 146 പ്രൊജക്ടുകൾക്ക് തുക ചെലവഴിക്കുവാനാണ് സാധിച്ചത്.വിവിധ പദ്ധതികൾക്കായി 95617721 രൂപ വകയിരുത്തിയതിൽ 56477035 രൂപ മാത്രമാണ്ചെലവഴിച്ചത്.വികസന ഫണ്ട്,മെയിന്റനൻസ് ഫണ്ട് ഇനത്തിൽ ലഭിച്ച തുകയുടെ ചെലവ് വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| വികസന ഫണ്ട് സ്രോതസ്സുകൾ | ലഭിച്ച തുക | ചെലവഴിച്ച തുക | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|
| പൊതുവിഭാഗം- സാധാരണഫണ്ട് | 15001000 | 14429797 | 571203 | 96.19 |
| എസ്.സി.പി. | 6181000 | 4640923 | 1540077 | 75.08 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 20393377 | 10866262 | 9527115 | 53.28 |
| മെയിന്റനൻസ് ഫണ്ട് ( റോഡ്) | 6321000 | 5928701 | 392299 | 93.79 |
| മെയിന്റനൻസ് ഫണ്ട് ( നോൺ റോഡ് ) | 4875186 | 4875186 | 0 | 100 |
| ആകെ | 52771563 | 40740869 | 1,20,30,694 | 77.20 |

സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് ക്യാരിഓവർ വിഹിതം ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവഴിക്കാത്ത തുക 1,20,30,694/- രൂപ നഷ്ടപ്പെട്ടിരിക്കുകയാണ്(സ.ഉ.(കൈ)നം.11/2018 ത.സ്വ.ഭ.വ. തീയതി 29.01.2018, പദ്ധതി മാർഗരേഖയിലെ ഖണ്ഡിക 10 കാണുക). പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലെ പിഴവും മോണിറ്ററിംഗ് സംവിധാനം

പ്രവർത്തിക്കാത്തതും നിർവ്വഹിക്കാൻ കഴിയുന്നതിലും കൂടുതൽ പദ്ധതികൾ ഏറ്റെടുത്തതുമാണ് ഫണ്ട് നഷ്ടപ്പെടാനിടയാക്കിയത്. വകയിരുത്തിയ തുക മുഴവനും ചെലവഴിക്കുന്നുവെന്നും അതാത് വർഷം നടപ്പാക്കാൻ കഴിയുന്ന പ്രോജക്കുകൾ മാത്രമേ ഏറ്റെടുക്കുന്നുള്ളുവെന്നും പദ്ധതിയുടെ പുരോഗതി യഥാസമയം മോണിറ്ററിംഗ് ചെയ്യുന്നുവെന്നും പ്രവർത്തന കലണ്ടർ പ്രകാരം നിർവ്വഹണം പൂർത്തിയാക്കുന്നുവെന്നും ഭരണ സമിതി ഉറപ്പാക്കേണ്ടതാണ്. അതിനനുസൃതമായ മുന്നൊരുക്കങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥരും വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റിയും നടത്തേണ്ടതാണ്. പ്രോജക്കുകളുടെ എണ്ണം കുറച്ച്, ഏറ്റെടുക്കുന്ന പദ്ധതികൾ മുഴുവൻ നടപ്പിലാക്കി പദ്ധതി ചെലവ് പരമാവധി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 193 | 95617721 | 146 | 56477035 | 16 | 47 | 130 | 67.36 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 11 | 5471015 | 5354955 | 97.88 |
| വെറ്ററിനറി സർജൻ | 8 | 8 | 956222 | 929397 | 97.19 |
| മെഡിക്കൽ ഓഫീസർ, പിഎച്ച്സി | 8 | 8 | 3796287 | 2731271 | 71.95 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 3 | 2 | 260469 | 219999 | 84.46 |
| എസ്.ഐ. ഫിഷറീസ് | 5 | 5 | 1859000 | 1280513 | 68.88 |
| വിഇഒ പുതിയങ്ങാടി | 11 | 9 | 4549350 | 2072351 | 45.55 |
| വിഇഒ മാടായി | 6 | 3 | 13879820 | 1620000 | 11.67 |
| ഐസിഡിഎസ് സൂപ്പർവൈസർ | 9 | 5 | 7244798 | 5862418 | 80.92 |
| സെക്രട്ടറി | 32 | 21 | 12558478 | 9164531 | 72.97 |
| ഹെഡ്മാസ്റ്റർ | 9 | 7 | 1699084 | 1195540 | 70.36 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 3 | 3 | 783000 | 619195 | 79.08 |
| അസിസ്റ്റന്റ് സെക്രട്ടറി | 14 | 8 | 5765000 | 3747102 | 65 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 74 | 56 | 36795198 | 21679763 | 58.92 |
| ആകെ | 193 | 146 | 95617721 | 56477035 | 59.07 |

പദ്ധതി ചെലവ് 59.07 മാത്രമാണ്. ഹെഡ്മാസ്റ്റർ, വി ഇ ഒ അസിസ്റ്റന്റ് സെക്രട്ടറി, എസ്.ഐ. ഫിഷറീസ്, അസിസ്റ്റന്റ് എഞ്ചിനീയർ തുടങ്ങിയ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവു ശതമാനം കുറവാണ്.

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7396 | 499588 | 506984 | 493751 | 13233 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് -സാധനഘടകം ഉൾപ്പെടെ | | 27161000 | 27161000 | 27161000 | |
| ആകെ | 7396 | 27660588 | 27667984 | 27654751 | 13233 |

## 1-6-1 ടെണ്ടർ രജിസ്റ്റർ അപൂർണ്ണം, ടെണ്ടർ ഫയൽ സൂക്ഷിക്കുന്നില്ല

മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ടെണ്ടർ രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തലോടെ സൂക്ഷിക്കുന്നില്ല. രജിസ്റ്ററിൽ പ്രവൃത്തിയുടെ പേരും ടെണ്ടർ സമർപ്പിച്ചവരുടെ പേരും മാത്രമാണ് രേഖപ്പെടുത്തുന്നത്. ടെണ്ടർ രജിസ്റ്റർ പ്രകാരം ടെണ്ടർ ലഭിച്ച എല്ലാ പ്രവൃത്തികൾക്കും 2 പേർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ലഭിച്ച ടെണ്ടറുകൾ അനുബന്ധ രേഖകൾ സഹിതം ഫയൽ ചെയ്ത് സൂക്ഷിക്കുന്നില്ല.

ടെണ്ടർ രജിസ്റ്ററിലെ എല്ലാ കോളങ്ങളും പൂർണ്ണമായും കൃത്യമായിും രേഖപ്പെടുത്തി സെക്രട്ടറിയും പ്രസിഡന്റും സാക്ഷ്യപ്പെടുത്തി പരിപാലിക്കേണ്ടതും ലഭിച്ച ടെണ്ടറുകൾ അനുബന്ധ രേഖകൾ സഹിതം ഫയൽ ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 5040 | 7 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 300000 | 10 |
| വാർദ്ധക്യകാല പെൻഷൻ | 38468300 | 2687 |
| കർഷകത്തൊഴിലാളി പെൻഷൻ | 556600 | 36 |
| വിധവ പെൻഷൻ | 19850700 | 1287 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1181200 | 77 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 6019400 | 400 |

## 1-7-1 പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ ഡെത്ത് രജിസ്ട്രേഷൻ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ, താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കിയതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചില ഉദാഹരണങ്ങൾ ചുവടെ

| പേര് | ആധാർ നമ്പർ | പെൻഷണർ ഐ ഡി | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | റിമാർക്സ് |
|---|---|---|---|---|---|
| എം. വി. കുഞ്ഞഹമ്മദ് | 819097118546 | 110990200474 | 23-2-21 | ആക്ടീവ് | June-2021 വരെ പെൻഷൻ |

| | | | | | |
|---|---|---|---|---|---|
| | | | | | തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| നാരായണി കെ | 510731502815 | 110990201413 | 20-2-21 | ആക്ടീവ് | June-2021വരെ പെൻഷൻ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| നാരായണൻ. കെ. വി | 232967208407 | 110990200660 | 19-12-2018 | സസ്പെൻഡ് | 2019 ഏപ്രിൽ വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു |
| മുഹമ്മദ്കുഞ്ഞി കെ എം കെ | 667242016984 | 102180203228 | 7-12-2019 | ആക്ടീവ് | പെൻഷൻ മസ്റ്ററിങ് പൂർത്തീകരിക്കുകയോ / ഹോം മസ്റ്ററിങ്ങിന് അപേക്ഷ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. |

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് അതാതു മാസം തന്നെ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യുകയെന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെയും ചുമതലയാണ് എന്നിരിക്കെ ക്ഷേമപെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട തീയതിക്കു ശേഷം വിതരണം ചെയ്യപ്പെടുന്ന പെൻഷൻ അവകാശികൾക്ക് നല്കാൻ നിലവിൽ വ്യവസ്ഥയില്ലാത്തതിനാൽ പെൻഷണർ മരണപ്പെട്ടതിനു ശേഷം വിതരണം നടത്തിയ പെൻഷൻ തുക അവകാശികൾക്ക് നല്കിയതും ശരിയല്ല. ഇത് സംബന്ധിച്ച് 28-07-21 ന് നൽകിയ 36 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ വരുന്ന അപേക്ഷകൾ അതത് സമയം ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ ശ്രദ്ധിക്കാറുണ്ട് എന്നുംമുഴുവൻ അനർഹരെയും പരിശോധിച്ച് ഡാറ്റബേസിൽ നിന്നും ഒഴിവാക്കുന്നതാണ് എന്നും അറിച്ചിട്ടുണ്ട്.

മരണപ്പെട്ടതിന് ശേഷം നല്കിയ പെൻഷൻ തുക തിരിച്ചു പിടിച്ച് തിരികെ ഒടുക്കേണ്ടതും മുഴുവൻ ഗുണഭോക്താക്കളുടെയും വിവരങ്ങൾ പരിശോധിച്ച് ഈ രീതിയിലുള്ള അപാകങ്ങൾ സംഭവിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.07.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1284/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഡിറ്റ് വർഷത്തെ രേഖകൾ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെക്കുറെ തൃപ്തികരമാണ്. നികുതി പിരിവുമായി ബന്ധപ്പെട്ട് മേൽനോട്ട കുറവ് ഉണ്ടായിട്ടുണ്ട്. ജീവനക്കാരുടെ യാത്രാബത്ത അനുവദിക്കുന്നതിലും ശരിയായ രീതിയിൽ പരിശോധന നടന്നിട്ടില്ല.

തനത് ഫണ്ട് വൌച്ചറുകൾ ചിട്ടയോടെ സൂക്ഷിച്ചിട്ടുണ്ട്. പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്ററുകൾ ഒഴികെയുള്ള രജിസ്റ്ററുകളെല്ലാം നല്ല രീതിയിൽ സൂക്ഷിക്കുന്നുണ്ട്.

സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങുന്ന സാധനങ്ങളുടെ പേരും എണ്ണവും ഏത് തീയതി വാങ്ങി എന്നും മാത്രമാണ് രേഖപ്പെടുത്തുന്നത്. ഇഷ്യൂ ചെയ്തത്, കൈപ്പറ്റിയത്, നീക്കിബാക്കി എന്നീ വിവരങ്ങളൊന്നും രേഖപ്പെടുത്തുന്നില്ല.

കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി നിശ്ചിത മാതൃകയിൽ തന്നെ സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

തെരുവു വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ തെരുവുവിളക്ക് റിപ്പയറിംഗുമായി ബന്ധപ്പെട്ട സാധനങ്ങൾ അതാത് വാർഡുകളിലേക്ക് ഇഷ്യൂ ചെയ്തു എന്ന് മാത്രം രേഖപ്പെടുത്തുന്നതിന് പകരം ഓരോ ഇനവും എത്ര എണ്ണം ആർക്ക് കൊടുത്തു എന്ന് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ടെണ്ടർ രജിസ്റ്റർ, ടെണ്ടർ ഫയൽ എന്നിവ കൃത്യമായ രേഖപ്പെടുത്തലോടെ അനുബന്ധ രേഖകൾ സഹിതം സൂക്ഷിക്കേണ്ടതാണ്.

പുതിയ ഭരണ സമിതി അധികാരത്തിൽ വന്ന ശേഷം 2021 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ആക്ഷൻ പ്ലാൻ അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ടും 2021-22 വർഷത്തെ കരട് വാർഷിക പദ്ധതി നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ടും 20 വാർഡുകളിലും ഗ്രാമ സഭ ചേർന്നിട്ടുണ്ട്.

കോവിഡ് മഹാമാരിയെ തുടർന്ന് ഫെബ്രുവരി 2020 ന് ശേഷം വർക്കിംഗ് ഗ്രൂപ്പുകളൊന്നും തന്നെ യോഗം ചേർന്നിട്ടില്ല. നിക്ഷിപ്തമായ കർത്തവ്യങ്ങൾ നിർവഹിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23-06-2021 | 01-04-2021-31-05-2021 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | വിവരം ലഭ്യമാക്കിയിട്ടില്ല. | | |

## 1-11 രസീത് ബുക്കുകളുടെ ആഭ്യന്തര പരിശോധന കാര്യക്ഷമമല്ല.

2011-ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടം അധ്യായം 2-ൽ 4(3) പ്രകാരം അക്കൗണ്ട് പുസ്തകങ്ങൾ കൈ എഴുത്തായി സൂക്ഷിക്കുന്ന അവസരങ്ങളിൽ രസീതുകൾ ഓരോ പേജും ക്രമമായി നമ്പറിട്ട് സൂക്ഷിക്കേണ്ടതും പഞ്ചായത്തിന്റെ സീൽ പതിപ്പിക്കേണ്ടതും പഞ്ചായത്തിന്റെ സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഓരോ രസീതിന്റെയും താളുകൾ എണ്ണി തിട്ടപ്പെടുത്തി അവസാനത്തെ പേജിൽ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ മാടായി ഗ്രാമപഞ്ചായത്ത് 2019-20,2020-21 സാമ്പത്തിക വർഷത്തിൽ സാക്ഷ്യപത്രം രേഖപ്പെടുത്താതെ രസീത് ബുക്കുകൾ ഉപയോഗിച്ചതിന്റെയും,രശീതി ബുക്കുകളുടെ ഉപയോഗത്തിലെ മറ്റ് അപാകങ്ങളുടെയും ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

( എ) സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല.

| | |
|---|---|
| രശീതി ബുക്ക് നമ്പർ | 59699,65501,65505,65508,65514,10050<br>10061.65533,65537,65541,10040,10053,10057 |

(ബി) വ്യക്തമായ കാരണങ്ങൾ രേഖപ്പെടുത്താതെ രശീതികൾ റദ്ദാക്കിയവ

| രശീതി ബുക്ക് നമ്പർ | രശീതി നമ്പർ |
|---|---|
| 65508 | 9,77 |
| 10048 | 14,15,55 |
| 59699 | 1,2 |
| 43609 | 93 |
| 65511 | 75 |

(സി)തീയ്യതി രേഖപ്പെടുത്തിയിട്ടില്ല.

| രശീതി ബുക്ക് നമ്പർ | രശീതി നമ്പർ |
|---|---|
| 43571 | 94 |
| 43598 | 18 |
| 65516 | 64 മുതൽ 68 വരെ |
| 10047 | 27 |

(ഡി) സഞ്ചയയിൽ ഡിമാന്റ് ചെയ്ത തുകയെക്കാൾ കുറഞ്ഞ തുക കെട്ടിട നികുതിയിനത്തിൽ ഈടാക്കിയത്.

| രശീതി ബുക്ക് നമ്പർ | രശീതി നമ്പർ | സഞ്ചയ ഡിമാന്റ്+ ലൈബ്രറി സെസ്+ പിഴ പലിശ ഉ ൾപ്പെടെയുള്ള തുക | ഈടാക്കിയ തുക/തീയതി | കുറവ് വന്ന തുക/ഒടുക്കിയ തീയതി |
|---|---|---|---|---|
| 65501 | 11 | 523 | 451/16.12.2019 | 72/06.01.2020 |
| 65501 | 27 | 815 | 783/16.12.2019 | 32/06.01.2020 |

(ഇ) രസീത് നമ്പർ (മെഷിൻ നമ്പർ) ഇല്ലാത്തത്.

| രശീതി ബുക്ക് നമ്പർ | രശീതി നമ്പർ |
|---|---|
| 65505 | രസീത് നമ്പർ 35-ന് ശേഷമുള്ള ഒന്നിലും, 47-ന്ശേഷമുള്ള ഒന്നിലും രശീതി നമ്പർ ഇല്ല. |

കൂടാതെ രസീത് ബുക്കുകളിൽ ചിലതിൽ അവശേഷിക്കുന്ന രസീതുകൾ ക്യാൻസൽ ചെയ്യുകയോ ക്യാൻസൽ ചെയ്തവ സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. വിതരണം ചെയ്ത മുഴുവൻ രശീത് ബുക്കുകളും പൂർണ്ണമായി ഉപയോഗിച്ച് കഴിഞ്ഞാൽ കൗണ്ടർ ഫോയിൽ പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/20.തീയ്യതി.19.7.2021, നം.31/21.തീയ്യതി.27.7.2021) ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. വരവ് തുക മുഴുവനായി ഒടുക്കുന്നുണ്ടെങ്കിലും രസീത് ബുക്കുകളിലെ കളക്ഷൻ തുക അടവാക്കുന്നതിന് മുന്നേ ബന്ധപെട്ട അധികാരികൾ സൂക്ഷ്മപരിശോധന നടത്തുന്നില്ല എന്നതും വീഴ്ചയാണ്.

## 1-12 തൊഴിൽ നികുതി അപാകതകൾ

1) തൊഴിൽ നികുതി അപാകതകൾ

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും,ബിസ്സിനസ്സ് നടത്തുകയോ ,തൊഴിലിലോ,കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ,സ്വകാര്യമായോ ആയ എന്തെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന 1994 ലെ കേരളപഞ്ചായത്ത് രാജ് നിയമം204ാം വകുപ്പ് ,1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം3,4 എന്നിവ അനുശാസിക്കുന്നു. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകത കാണുന്നു.

2) 2020 -21വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

A. റംസി ക്ലിനിക്ക്, മാടായി

B.ജനകിയ പോളി ക്ലിനിക്ക്, മാടായി

C.ബി എസ് എൻ എൽ പഴയങ്ങാടി.

മേൽ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

3) 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ ധാരാളം കരാറുകാരുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

1. ടി പി സിദ്ധിക്ക്

2. മുഹമ്മദ് റാഫി

3. ഷിഹാബ്

4കെ കുഞ്ഞഹമ്മദ്

5 ഗോവിന്ദൻ കുട്ടി

6 കെ കൃഷ്ണൻ

7ജിതിൻ ടി വി

8 വി സന്തോഷ് കുമാർ

9 സി നാരായണൻ

10 ജനാർദ്ധനൻ കെ

11ഹരിലാൽ ടി വി

12 സുഭാഷ് വി പി

13ബാബു കെ

14 ഫാബിർ അലി വി എസ്

15 മൻസൂർ കെ

16 പ്രജീഷ് വി

17 പ്രമോദ് കെ വി

മേൽ സൂചിപ്പിച്ച കരാറുകാരിൽ നിന്നും അർഹമായ തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

4. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച വരുന്ന 10റേഷൻ കടകളിൽ നിന്നും 2019-20 രണ്ട് അർദ്ധ വർഷങ്ങളിലും തൊഴിൽ നികുതി ഈടാക്കുന്നില്ല. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വികരിക്കേണ്ടതാണ്.

5. താഴെ പറയുന്ന എം ജി എൻ ആർ ഇ ജി എസ് മെറ്റീരിയൽ സപ്ലയേർസ് /കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതാണ്.

1.ഗോവിന്ദൻ കുട്ടി

2.ദിനേശൻ

3.മനോജ് കുമാർ

4.സി നാരായണൻ

5.അബ്ദുൾ നാസർ എം

6.മുഹമ്മദ് റാഫി

7.ഗോവിന്ദൻ

<u>6.ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല</u>

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ഐ പ്രകാരം, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ച കൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ നിന്നും വിവരങ്ങൾ ചേർത്താണ് ഇപ്രകാരം ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കേണ്ടത് . ട്രേഡേഴ്സ് ലിസ്റ്റ്

പൂർണ്ണമല്ലാത്തതിനാൽ 2019-20 സാമ്പത്തിക വർഷത്തെ കച്ചവടക്കാരുടെ തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റ്, കളക്ഷൻ എന്നിവയുടെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ഇ-ടെണ്ടർ വഴി നടപ്പാക്കിയ പ്രവൃത്തികൾ - ടെണ്ടർഫാറം വിലപഞ്ചായത്തിൽ വരവുവന്നിട്ടില്ല.

2020-21 വർഷത്തിൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവർത്തികളുടെ ടെണ്ടർ ഫാറം വില, ഇഎംഡി എന്നിവ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവ് വരുന്നത്. എന്നാൽ ടെണ്ടർഫാറംവില ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനമാകയാൽ ഈയിനത്തിലുള്ള വരവ് ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതുണ്ട്. എന്നാൽ ഇ-ടെണ്ടർ മുഖേന നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവർത്തികളുടെ ടെണ്ടർഫാറം വിലയിനത്തിൽ ഇതുവരെയായും ഗ്രാമപഞ്ചായത്തിന് തുകയൊന്നും ലഭിച്ചിട്ടില്ല. ഇ-ടെണ്ടർ മുഖേന നടപ്പാക്കിയിട്ടുള്ള മരാമത്ത് പ്രവർത്തികളുടെ ടെണ്ടർഫാറം വിലയിനത്തിൽ ലഭിക്കേണ്ട തുക സംബന്ധിച്ച് അസിസ്റ്റന്റ് എൻജിനീയർ അതാത് സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിനെ പ്രവൃത്തികളുടെ ലിസ്റ്റ് സഹിതം അറിയിച്ചിട്ടില്ല. ഇക്കാരണത്താൽ ഗ്രാമപഞ്ചായത്തിന് തുക ക്ലെയിം ചെയ്യുവാനും സാധിച്ചിട്ടില്ല. മരാമത്ത് പ്രവർത്തികളുടെ ടെണ്ടർഫാറം വില ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 മലനാട് മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതി - പഞ്ചായത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

മാടായി ഗ്രാമപഞ്ചായത്തിലെ പുതിയങ്ങാടിയിലുള്ള ചൂട്ടാട് പാർക്ക് ജില്ലാ ടൂറിസം പ്രമോഷൻ കൌൺസിലിൻറെ നേതൃത്വത്തിൽ 4 വർഷമായി പ്രവർത്തിച്ചു വരികയാണ്. തീരദേശ നിയന്ത്രണ പരിധിയിൽ ഉൾപ്പെടുന്ന സ്ഥലമായതിനാൽ ചൂട്ടാട് പാർക്കിലെ ഭക്ഷണശാലകൾക്ക് നമ്പർ നൽകുന്നതിനോ, ലൈസൻസ് ഈടാക്കുന്നതിനോ സാധിക്കുന്നില്ല. ഇതുമൂലം പഞ്ചായത്തിന് ഓരോ വർഷവും വലിയ വരുമാന നഷ്ടമുണ്ടാകുന്നുണ്ട്. ആയതിനാൽ പ്രസ്തുത ഭക്ഷണശാലകൾ, ചില്ലറ വില്പന ശാലകൾ എന്നിവിടങ്ങളിൽ നിന്നും, താൽക്കാലിക ലൈസൻസ് നൽകി, ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ പിരിച്ചെടുക്കുന്നതിന് നടപടികളെടുക്കാൻ പഞ്ചായത്ത് ഭരണസമിതി (16-01-2020 ലെ 4/2020 തീരുമാനം) തീരുമാനിച്ചെങ്കിലും ആയതിൽ തുടർനടപടികൾ ഉണ്ടായിട്ടില്ല. ടൂറിസം പദ്ധതിയുടെ സാധ്യത മുന്നിൽ കണ്ട് പഞ്ചായത്തിലെ പ്രാദേശിക ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും പ്രാദേശിക കലാ രൂപങ്ങൾ പ്രദർശിപ്പിക്കുന്നതിന് ആവശ്യമായ പ്രോജക്ടുകളും തയ്യാറാക്കുകയും ചെയ്യാവുന്നതാണ്. മലനാട് റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലം വിട്ടുകൊടുക്കുന്ന പക്ഷം, സർക്കാറിന്റെ മുൻകൂർ അനുമതി വാങ്ങിക്കേണ്ടതാണ്. പ്രസ്തുത സ്ഥലം ഉപയോഗിക്കുന്നതിലൂടെയുള്ള വരുമാനത്തിന്റെ വിഹിതം പഞ്ചായത്തിന് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 ജനറൽ പർപ്പസ് ഫണ്ട് 13,94,400 നഷ്ടപ്പെട്ടു.

ജി ഒ (ആർ ടി) 2561/2020/ഫിൻ തീയതി 01/04/2019 പ്രകാരം ഉത്തരവ് പ്രകാരം ജനറൽ പർപ്പസ് ഫണ്ട് ഓന്നാമത്തെ ഗഡുവായി അനുവദിച്ച 13,94,400 സെക്രട്ടറി TR 59(E) ബിൽ പ്രകാരം കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന്പിൻവലിച്ച് ട്രഷറി സ്പെഷൽ ടി.എസ്.ബി.എക്കൗണ്ടിലേക്ക് മാറ്റിയിടേണ്ടതാണെങ്കിലും തുക വരവുവന്നിട്ടില്ല. 13,94,400 രൂപ പഞ്ചായത്തിന് നഷ്ടപ്പെടാൻ ഇടയാക്കിയ സാഹചര്യം വിശദീകരിക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 03-04-2020 ന് തന്നെ ബിൽ ട്രഷറിയിൽ സ്പെഷൽ ടി എസ് ബി അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതിന് സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. സ്പെഷൻ ടി എസ് ബി ഫ്രീസ് ചെയ്ത് എൽ ജി ടി എസ് ബി എന്ന പുതിയ അക്കൗണ്ട് ആരംഭിച്ചതിനാൽ ബിൽ പുനർസമർപ്പിക്കാൻ ട്രഷറിയിൽ നിന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സാംഖ്യ വെബ്ബിൽ പുതിയ ബിൽ ജനറേറ്റ് ചെയ്യാൻ സാധിക്കാത്തതിനാലാണ് തുക നഷ്ടപ്പെട്ടതെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഇക്കാര്യം ട്രഷറി ഡയറക്ടർ, ഐ കെ എം ഡയറക്ടർ എന്നവരുടെ ശ്രദ്ധയിൽപ്പെടുത്തി തുക ലഭ്യമാകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-16 എസ് എൽ ഐ പ്രീമിയം നിശ്ചിത നിരക്കിൽ ഒടുക്കുന്നില്ല.

ശ്രീ.ഫാറൂഖ് എം കെ, അസിസ്റ്റന്റ് സെക്രട്ടറിയുടെ അടിസ്ഥാന ശമ്പളം 40500/-രൂപയാണ്. ജി ഒ (പി) നം.149/2016/ഫിൻ തീയതി 4.10.2016 പ്രകാരം

1.1.2017 പ്രാബല്യത്തിൽ ടിയാൾ ഒടുക്കേണ്ട എസ് എൽ ഐ പ്രീമിയം 500/- രൂപയാണ്. എന്നാൽ ടി ജീവനക്കാരൻ 400/- രൂപയാണ് ഒടുക്കുന്നത് . സർക്കാർ ഉത്തരവ് പ്രകാരമുള്ള പ്രീമിയം അടക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 2015-16 മുതലുള്ള മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു

പഞ്ചായത്തിലെ മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2020-21 വരെയായി 18,72,196/-രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നം. | തുക കൈപ്പറ്റിയത് | അനുവദിച്ച തുക (രൂപ) | വൌച്ചർ നം & തീയതി | ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (രൂപ) |
|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, പി എച്ച് സി, മുട്ടം | 37,752 | 21700263/ 17.6.17 | 37752 |
| 2 | മെഡിക്കൽ ഓഫീസർ, പി എച്ച് സി, മുട്ടം | 88,438 | 21501406/ 31.3.16 | 88,438 |
| 3 | അസി.എഞ്ചിനീയർ, LSGD | 2,49,853 | 41800427/ 13.317 | 2,49,853 |
| 4 | സെക്രട്ടറി, മാടായി ഗ്രാമ പഞ്ചായത്ത് | 105,88 | 21900258/ 25.6.19 | 10,588 |
| 5 | അസി.എഞ്ചിനീയർ, KSEBപഴയങ്ങാടി | 30,588 | 22000125/ 21.5.20 | 30,588 |
| 6 | അസി.എഞ്ചിനീയർ, KSEBപഴയങ്ങാടി | 13,894 | 22000126/ 21.5.20 | 13,894 |
| 7 | സെക്രട്ടറി, മാടായി ഗ്രാമ പഞ്ചായത്ത് | 20,450 | 22000946/ 19.1.21 | 20,450 |
| 8 | മെഡിക്കൽ ഓഫീസർ, പി എച്ച് സി, മുട്ടം | 50,000 | 22001150/ 24.2.21 | 24,391 |
| 9 | വെറ്ററിനറി സർജൻ | 10,000 | 22001254 | 651 |
| | | | | 4,76,253 |
| 10 | അസി.എഞ്ചിനീയർ, KWA | 4,500 | 21500042/ 25.8.15 | 4,500 |
| 11 | അസി.എഞ്ചിനീയർ,KWA | 4,15,000 | 21800662/ 12.9.18 | 4,15,000 |
| | | | | 4,19,500 |
| 12 | GST & TDS | 6,837 | 350300110/ 31.3.19 | 6,837 |
| 13 | GST & TDS | 6,836 | 350300111/ 31.3.19 | 6,836 |
| 14 | GST & TDS | 9,398 | 460100199/ 31.3.18 | 9,398 |
| | | | | 23071 |
| 15 | MGNREGS | 9,53,372 | | 9,53,372 |
| 16 | പ്രേരകിന്റെ ഹോണറേറിയം | 24,120 | 22001303/ 24.3.21, | 24,120 |

| | | | | |
|---|---|---|---|---|
| | | | 22001368/ 31.3.21 | |
| 17 | അസി.എഞ്ചിനീയർ, KSEBപഴയങ്ങാടി | 29,946 | 21801172/ 22.1.19 | 29,946 |
| | ആകെ | | | 19,26,262 |

2015-16 മുതൽ നാളിതുവരെയായി 19,26,262 രൂപ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.32/27.7.2021ന് ക്രമ നം.1 മുതൽ 11 & 17 വരെയുള്ളവ വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതും 12 മുതൽ 16 വരെയുള്ളവ മറ്റ് വകുപ്പിൽ നിന്നും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തനത് ഫണ്ടിലേക്ക് റീ ക്ലപ്പ് ചെയ്ത് മുൻകൂർ നൽകിയ തുക ക്രമീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. മേൽ തുക ക്രമകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 ഐ കെ എം വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ഐ കെ എം ന് വിഹിതം നൽകൽ എന്ന പദ്ധതിക്ക് (പദ്ധതി നം.2/2021) വികസന ഫണ്ടിൽ നിന്ന് 108,217/- രൂപ നിർവഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി പിൻവലിച്ച് (ബിൽ നം. 12/30.6.20) ഐ കെ എം പ്രോജക്ട് ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ആയതിന്റെ കൈപ്പറ്റ് രസീത് ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.12 /23.7.2021 ന് ഐ കെ എം വിഹിതം അടച്ചതിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഐ കെ എം തയ്യാറാക്കി വരുന്നതായും ആയത് ഓഡിറ്റ് പൂർത്തിയാകുന്ന മുറയ്ക്ക് ലഭ്യമാക്കുമെന്ന് ഐ കെ എം അറിയിച്ചിട്ടുണ്ടെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്.വിനിയോഗ സാക്ഷ്യ പത്രത്തിന്റെ അഭാവത്തിൽ 108,217/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-19 ലൈഫ് ഭവന നിർമ്മാണം ജനറൽ-പദ്ധതി നിർവ്വഹണത്തിന്റെ മുഴുവൻ രേഖകളും,രജിസ്റ്ററുകളും ഹാജരാക്കേണ്ടതാണ്.

| പദ്ധതിയുടെ പേര് | ലൈഫ് ഭവന നിർമ്മാണം ജനറൽ. |
|---|---|
| പ്രൊജക്റ്റ് നം | 27/21 |
| അടങ്കൽ | ₹3069820/- (₹3069820- വികസനഫണ്ട് ) |
| ചെലവ്ബിൽ നം/തീയ്യതി/തുക | ₹1440000(₹1440000/- വികസനഫണ്ട് )<br>(1) 2/2020-21/16.7.2020/ 160000<br>(2) 3/2020-21/27.11.2020/ 40000<br>(3) 4/2020-21/30.1.2021/ 600000<br>(4) 7/2020-21/30.3.2021 / 80000<br>(5) 8/2020-21/30.3.2021 / 200000<br>(6) 10/2020-21/30.3.2021/ 160000<br>(7) 11/2020-21/30.3.2021/ 40000<br>(8)13/2020-21/30.3.2021/ 160000 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ,മാടായി സർക്കിൾ |

മേൽ പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട മുഴവൻ രേഖകളും രജിസ്റ്ററുകളും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.35/21.തീയ്യതി.27.7.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ₹1440000 ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകളും,രജിസ്റ്ററുകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-20 ലൈഫ് ഭവന പദ്ധതി-നിലവിലുള്ള ആസ്തികൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ഭൂരഹിത ഭവന രഹിതരായി 60 പട്ടികജാതി കുടുംബങ്ങളാണ് ഉള്ളത്. ലൈഫ് ഭവന പദ്ധതി

മൂന്നാംഘട്ടത്തിൽ 54 ഗുണഭോക്താക്കൾ ആണുള്ളത്. സുനാമി ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി 2007-08 വർഷം മാടായി ഗ്രാമപഞ്ചായത്തിൽ 40 കുടുംബങ്ങൾക്ക് താമസിക്കാൻ വേണ്ടി നിർമ്മിച്ച സുനാമി ഫ്ളാറ്റിൽ 14 എണ്ണം മാത്രമേ ഇപ്പോൾ ഉപയോഗിച്ച് വരുന്നുള്ളൂ. അതുപോലെ തന്നെ 2008-09 വർഷം പഞ്ചായത്ത് പദ്ധതി ഫണ്ട് ഉപയോഗിച്ച് പട്ടികജാതി വിഭാഗത്തിന് വീട് നിർമ്മിക്കുന്നതിനായി വാങ്ങിയ 65 സെൻറ് സ്ഥലത്ത് 4 വീടുകൾ മാത്രമെ നിർമ്മിച്ചിട്ടുള്ളൂ. 50 സെൻറ് സ്ഥലം അവിടെ പഞ്ചായത്തിന് സ്വന്തമായുണ്ട്. ആയതിനാൽ സുനാമി ഫ്ളാറ്റിലെ അവശേഷിക്കുന്ന ക്വാർട്ടേഴ്സുകളും, പട്ടികജാതി വിഭാഗത്തിനുവേണ്ടി വാങ്ങിയ നിലവിലുള്ള സ്ഥലത്തും ലൈഫ് ഭവന പദ്ധതിയിലെ ഗുണഭോക്താക്കളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ലൈഫ് ഭവന പദ്ധതിക്ക് വേണ്ടി തൻവർഷം 1,38,69,820 രൂപയുടെ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ടെങ്കിലും 15,20,000 രൂപയുടെ (10.96%) ചെലവ് മാത്രമാണ് ഉള്ളത്.

മുൻവർഷങ്ങളിൽ ഭവന നിർമ്മാണത്തിനായി ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച 19,47,500 രൂപ വിനിയോഗിക്കാതെ തനത് ഫണ്ടിൽ നിക്ഷേപിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു

| | ഇനം | ലഭിച്ച വർഷം | തുക |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | ഭൂരഹിതർക്ക് ഭൂമി വാങ്ങൽ | 2014-15 | 750000 |
| ബ്ലോക്ക് പഞ്ചായത്ത് | ഭൂരഹിതർക്ക് ഭൂമി വാങ്ങൽ എസ് സി പി | 2013-14 | 637500 |
| ജില്ലാ പഞ്ചായത്ത് | ഭൂരഹിതർക്ക് ഭൂമി വാങ്ങൽ എസ് സി പി | 2015-16 | 560000 |
| | | | 19,47,500 |

തുക വിനിയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുകയോ അല്ലാത്തപക്ഷം തുക തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 1-21 ആശ്രയ ഭവന പുനരുദ്ധാരണം- വാല്വേഷൻ സർട്ടിഫിക്കറ്റും, ചെലവ് സംബന്ധിച്ച രേഖകളും ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| പദ്ധതിയുടെ പേര് | ആശ്രയ ഭവന പുനരുദ്ധാരണം. |
| പ്രൊജക്ട് നം | 45/21 |
| അടങ്കൽ | ₹100000/- (₹100000- വികസനഫണ്ട് ) |
| ചെലവ് | ₹100000<br>(₹100000/- വികസനഫണ്ട് ) |
| ബിൽനം/ചെക്ക് നം/തീയ്യതി | (1)5/20-21-16.2.2021-₹50000<br>(2)6/20-21-18.3.2021-₹30000<br>(3)9/20-21-30.3.2021-₹20000 |
| നിർവ്വഹണോദ്യോഗസ്ഥൻ | വി.ഇ.ഒ,മാടായി സർക്കിൾ |

(1)മേൽ പദ്ധതിയ്ക്ക് അവസാന ഗഡു തുക നൽകുന്നതിന് മുമ്പ് എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ വാല്വേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

(2)പ്രസ്തുത പദ്ധതിയുടെ ഭാഗമായി മുകളിൽ കൊടുത്തിരിക്കുന്ന 2020-21-ലെ ബിൽ നമ്പർ 5,6,9 പ്രകാരം അനുവദിച്ച 1,00,000/- രൂപ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയതിന്റെ വിവരം ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്, കൈപ്പറ്റ് രശീത് എന്നിവ ഹാജരാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.35/21.തീയ്യതി.27.7.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 100000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വാല്വേഷൻ സർട്ടിഫിക്കറ്റും, തുക അനുവദിച്ചതിന്റെ രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 അങ്കണവാടി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതാണ്.

മാടായി ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണെന്ന് ഇതു സംബന്ധിച്ച് ഐ.സി.ഡി.എസ്. സൂപ്പർവൈസർ ലഭ്യമാക്കിയ വിവരങ്ങളിൽ നിന്നും മനസ്സിലാവുന്നു. ആകെയുള്ള 31 അങ്കണവാടികളിൽ 14 എണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. അവശേഷിക്കുന്നവയിൽ 15 എണ്ണം വാടകകെട്ടിടത്തിലും മറ്റൊരെണ്ണം വാടകയില്ലാതെ സ്വകാര്യ കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. ആകെയുള്ള

അങ്കണവാടികളിൽ ഒരെണ്ണത്തിന് ടോയ് ലെറ്റ് വൈദ്യുതി സൗകര്യങ്ങൾ ഇല്ല. ഇതുകൂടാതെ അങ്കണവാടികൾക്ക് ചുറ്റമതിൽ ഉള്ളത് 15 എണ്ണത്തിന് മാത്രമാണ്. കെട്ടിടങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കേണ്ടതിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. കേരള പഞ്ചായത്ത് രാജ് നിയമം 166 ാം വകുപ്പ് 3 ാം പട്ടിക പ്രകാരം സാമൂഹ്യ ക്ഷേമ മേഖലയിലെ അങ്കണവാടികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. 29-01-2018 ലെ ജി.ഒ.(കൈ)11/2018/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ 7.8.2(1)പ്രകാരം അങ്കണവാടികൾക്ക് സ്ഥലം, കെട്ടിടം, ചുറ്റമതിൽ, കുടിവെള്ളം, ഫർണിച്ചർ, മറ്റു ഭൗതിക സൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്യുന്നതിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി നടപ്പിലാക്കേണ്ടതുണ്ട്.

## 1-23 അഗതി രഹിത കേരളം പദ്ധതി - അവലോകനം

സ.ഉ.(എം എസ്)നം.252/2017/തസ്വഭവ തീയതി 12.12.2017 പ്രകാരം നിരാലംബരും നിരാശ്രയരുമായ അഗതികളെ സംരക്ഷിക്കാൻ നിലവിലെ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരും എന്നാൽ തുടർ സേവനത്തിന് അർഹരായവരുമായ ഗുണഭോക്താക്കളെ കണ്ടെത്തി ഒരു ഏകീകൃത പദ്ധതിയെന്ന നിലയിൽ അഗതി രഹിത കേരളം പദ്ധതി ആരംഭിക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിൽ ഭരണ സമിതി അംഗീകരിച്ച 61 അഗതി കുടുംബങ്ങളുണ്ട്. അവയിൽ വീടും സ്ഥലവും ഇല്ലാത്ത 7 ഗുണഭോക്താക്കളും ഭവന രഹിതരായിട്ടുള്ള 4 ഗുണഭോക്താക്കളും ഉൾപ്പെടുന്നു.

അഗതി രഹിത കേരളം - ചലഞ്ച് ഫണ്ടിന്റെ ഒന്നാം ഗഡുവായി 2019-20 ,2020-21 വർഷങ്ങളിൽ 7,88,867/- രൂപ വീതം ലഭിച്ചിരുന്നു. ടി തുക സി ഡി എസ് ചെയർപേഴ്സന്റേയും മെമ്പർ സെക്രട്ടറിയുടേയും പേരിലുള്ള അക്കൗണ്ടിൽ (A/C No.40474101033449 കേരള ഗ്രാമീൺ ബാങ്ക് , പഴയങ്ങാടി ബ്രാഞ്ച്) ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.ടി തുക ഉപയോഗിച്ച് ഭക്ഷണ സാധനങ്ങളുടെ കിറ്റ് വിതരണം മാത്രമേ നടത്തിയിട്ടുള്ളൂ. .79 ഗുണഭോക്താക്കൾക്ക് കിറ്റ് വിതരണം നൽകിയ ഇനത്തിൽ തൻ വർഷം 3,78,898/- രൂപ ചെലവഴിച്ചിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം ആരോഗ്യനില അറിയുന്നതിനായി മെഡിക്കൽ ക്യാമ്പ് നടത്തണം. തുടർ ചികിൽസയ്ക്കായി ഫണ്ട് കണ്ടെത്തണം എന്നാൽ തൻ വർഷം അഗതി കുടുംബങ്ങൾക്കായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയോ തുടർ ചികിൽസ ഉറപ്പാക്കുകയോ ചെയ്തിട്ടില്ല.

ക്യാഷ് ബുക്ക്, പാസ് ബുക്ക് എന്നിവ പ്രകാരം7,70,319.58 രൂപ 31.3.2021 ൽ നീക്കിയിരിപ്പായി ഉണ്ട്.

പഞ്ചായത്തിലെ അഗതികളായ മുഴവൻ ആളുകളേയും അഗതി രഹിത കേരളം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി അവർക്ക് ആവശ്യമായ ഭക്ഷണം, വീട്, ചികിൽസ, വിദ്യാഭ്യാസം, കുടിവെള്ളം എന്നീ പ്രാഥമിക ആവശ്യങ്ങൾക്കും തൊഴിൽ പരിശീലനത്തിനുമുള്ള ഫണ്ട് വകയിരുത്തി അവ ഒരുക്കികൊടുത്ത് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിച്ചു കൊടുക്കുക എന്ന ഗ്രാമ പഞ്ചായത്തിന്റെ ഉത്തരവാദിത്വം നിറവേറ്റാൻ ഭരണ സമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-24 മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്റ്റ് നമ്പർ :51/2021

പ്രോജക്റ്റിന്റെ പേര് :ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

വകയിരുത്തിയ തുക : ₹200000/- (മെയിന്റനസ് ഫണ്ട് റോഡിതരം )

ചെലവ് തുക : ₹200000/-

വൗച്ചർ നമ്പർ /തീയ്യതി : 22001581/14-8-2020

2020-21 വർഷം മെഡിക്കൽ ഓഫീസർ ഹോമിയോ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം ഗവ.ഹോമിയോ ഡിസ്പെൻസറി, മാടായി-ആയുഷ് പി എച്ച് സി, മാടായി എന്നീ സ്ഥാപനങ്ങളിലേക്ക് മരുന്ന് ലഭ്യമാക്കുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് ,ആലപ്പുഴ എന്ന സ്ഥാപനത്തിന് 200000/- രൂപ നൽകിയിട്ടുണ്ട് (NEFT വഴി). എന്നാൽ നാളിതുവരെയായി മരുന്നുകൾ ലഭ്യമായിട്ടില്ല. മുകളിൽ പറഞ്ഞ തുകയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടോ എന്നറിയിക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനത്തിന് മരുന്നുകൾ ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ട് എന്നാണ് അറിയിച്ചത്. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് ആയത് സ്റ്റോക്കിലെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-25 പട്ടികജാതിക്കാരായ വയോജനങ്ങൾക്ക് കട്ടിൽ വിതരണം-₹ 1,76,829 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 139/20-21(Spill Over) |
| പ്രോജക്ടിന്റെ പേര് | പട്ടികജാതിക്കാരായ വയോജനങ്ങൾക്ക് കട്ടിൽ |
| അടങ്കൽ | 2,35,000 SCP |
| ചെലവ് | 1,76,829 |
| ബിൽ നം./തിയതി | 1/20-21 21.4.2020 |

ഗ്രാമപഞ്ചായത്തിലെ പട്ടികജാതിക്കാരായ വയോജനങ്ങൾക്ക് അംഗീകൃത സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിൽ വാങ്ങി നൽകുന്നതിനാണ് പ്രൊജക്ട്.സർക്കാർ സ്ഥാപനമായ സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങലിനാണ് പ്രൊക്യൂർമെന്റ് കമ്മറ്റി തീരുമാനം.സിഡ്കോ ഹാജരാക്കിയ ഇൻവോയിസിൽ ഉള്ള ₹3678 രൂപയുടെ 41 കട്ടിലാണ് ഓർഡർ ചെയ്തിരിക്കുന്നത്. ജി.എസ്.ടി.ഉൾപ്പെടെ ₹4313 ആണ് ഒരു കട്ടിലിന്റെ വില. ഓഡിറ്റിൽ താഴെക്കൊടുത്തിരിക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1.സ്റ്റോർ പർച്ചേസ് ഡിപാർട്ട്മെന്റിന്റെ GO(Rt) 49/19 Dt 14.11.19 പ്രകാരം സിഡ്കോ ഓരോ ഉൽപ്പന്നങ്ങളുടേയും വില നിശ്ചയിച്ച നൽകിയിട്ടുണ്ട്. എന്നാൽ Wooden Cot 1.98M*90cm,Plywood 8mm എന്ന ഇനം പ്രസ്തുത ഉത്തരവിൽ വിലനിശ്ചയിച്ചതായി കാണുന്നില്ല.പ്രൈസ് ലിസ്റ്റിൽ ഇല്ലാത്ത ഇനങ്ങൾ വാങ്ങുമ്പോൾ സ്റ്റോർ പർച്ചേസ് റൂൾ അനുസരിച്ച് ടെണ്ടർ/ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്.

2.ഗുണഭോക്താക്കളുടെ ജാതി തെളിയിക്കുന്ന രേഖകൾ ലഭ്യമല്ല.

3.60 വയസ്സിനു മുകളിലുള്ളവർക്കാണ് കട്ടിൽ വിതരണം ചെയ്തിരിക്കുന്നതെന്ന് തെളിയിക്കുന്ന രേഖകൾ ലഭ്യമല്ല.

4.ഗുണഭോക്തൃലിസ്റ്റിൽ പേരില്ലാത്ത താഴെ പറയുന്നവർക്കും ആനുകൂല്യം നൽകി.

| |
|---|
| കല്ലേൻ പ്രേമ |
| ദേവു യു. |
| പ്രഭാകരൻ വിക്രേയൻ |
| നന്ദിനി |
| കാവൂട്ടൻ കൃഷ്ണൻ |

മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് (നം.21/25.7.21) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു തുകയായ ₹1,76,829 തടസ്സപ്പെടുത്തുന്നു.

## 1-26 പുതിയങ്ങാടി ബസ് സ്റ്റാന്റ് പ്രവർത്തനം ആരംഭിച്ചിട്ടില്ല. 17 ലക്ഷത്തോളം രൂപ നിഷ്ക്രിയമായി കിടക്കുന്നു.

മാടായി ഗ്രാമപഞ്ചായത്തിലെ പുതിയങ്ങാടിയിൽ ബസ്റ്റാന്റ് നിർമ്മിക്കുന്നതിനായി 2004-ൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 2004-05 മുതൽ 2018-19 വരെ വിവിധ വർഷങ്ങളിലായി 17 ലക്ഷത്തിലധികം രൂപ ചെലവഴിച്ച് നിരവധി പ്രവൃത്തികൾ നടന്നിട്ടുണ്ടെങ്കിലും ബസ്റ്റാന്റ് ഇനിയും പ്രവർത്തനക്ഷമമാക്കിയിട്ടില്ല. നിലവിലുള്ള ഫുട്ബോൾ ഗ്രൗണ്ടിന് സ്ഥലം നഷ്ടപ്പെടുമെന്നതിനാൽ പ്രാദേശികമായ എതിർപ്പുകളുണ്ടായിരുന്നു. ചൂട്ടാട് പാർക്കിലേക്കുള്ള വാഹനങ്ങളുടെ എണ്ണം ദിനംപ്രതി വർദ്ധിക്കുന്നതിനാൽ ചൂട്ടാട്, പുതിയങ്ങാടി ഭാഗത്തേക്കുള്ള റോഡിൽ ബസ്സുകൾ നിർത്തിയിടാൻ തീരെ കഴിയാത്ത സാഹചര്യവും ഉണ്ട്. പ്രാദേശിക എതിർപ്പുകൾ പരിഹരിച്ച് ബസ്റ്റാന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 ചെലവ് രേഖകൾ ഹാജരാക്കിയില്ല -10750/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ :136/2021

പ്രോജക്ടിന്റെ പേര് :പാലിയേറ്റീവ് പരിചരണ പദ്ധതി (സ്പിൽ ഓവർ)

വകയിരുത്തിയ തുക : ₹79892/- വികസന ഫണ്ട്

ചെലവ് തുക : ₹52950/-

ബിൽ നമ്പർ തീയ്യതി ,തുക : 27/21,27/4/21 – 37950/-

മേൽ പദ്ധതിക്കുവേണ്ടി 37950 /- രൂപ ചെലവഴിച്ചതിൽ 22000/- രൂപ പഞ്ചായത്ത് പരിധിയിലുള്ള കിടപ്പ് രോഗികളെ സന്ദർശിക്കുന്നതിനു വേണ്ടി വണ്ടി ഓടിയ വകയിലുള്ള വാടകയിനത്തിലും,5000 രൂപ ഭക്ഷണചെലവിനത്തിലും,200 രൂപ ഫോൺ അലവൻസ് ഇനത്തിൽ നെഗ്ലിനും നൽകിയിട്ടുണ്ട്. എന്നാൽ മേൽ ബില്ല് പ്രകാരമുള്ള ബാക്കി തുകയായ 10750/- രൂപയിൽ 6950/- രൂപ ഹോട്ടൽ ജയന്തി എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്കും, 3800/-രൂപ ജാഫർ എന്നവരുടെ അക്കൗണ്ടിലേക്കും നൽകിയിട്ടുണ്ട്. എന്നാൽ തുക മേൽ പറഞ്ഞവർക്ക് എന്തിന് നൽകി എന്നത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽ ചെലവ് സംബന്ധിച്ച രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ചെലവ് സംബന്ധിച്ച രേഖകൾ ഹാജരാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. മേൽ ചെലവ് സംബന്ധിച്ച രേഖകൾ ഹാജരാക്കാത്തതിനാൽ 10750/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 2016ൽ പൂർത്തിയായ മെറ്റീരിയൽ കലക്ഷൻ സെന്ററിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

മാടായി ഗ്രാമപഞ്ചായത്തിൽ 2016 ൽ നിർമ്മാണം പൂർത്തിയായ മെറ്റീരിയൽ കലക്ഷൻ സെന്ററിന്റെ പ്രവർത്തനം ഇനിയും തുടങ്ങാൻ കഴിഞ്ഞിട്ടില്ല. കെട്ടിട നിർമ്മാണത്തിനായി 6,18,777/- രൂപ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിലെ 5-ാം വാർഡിൽ പൊതുശ്മശാനത്തോടനുബന്ധിച്ചുള്ള പഞ്ചായത്തിന്റെ തന്നെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിർമ്മിച്ച കലക്ഷൻ സെന്റർ പ്രസ്തുത സ്ഥലത്ത് നിർമ്മിച്ചതിൽ തദ്ദേശവാസികൾക്ക് എതിർപ്പുള്ളതിനാൽ പഞ്ചായത്തിൽ ഹരിത കർമ്മ സേന ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യം അവിടെ ശേഖരിക്കുന്നതിൽ പ്രയാസം നേരിടുന്നുണ്ട്. ഹരിത സേനയുടെ നേതൃത്വത്തിൽ വീടുകളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് ക്യാരിബാഗുകളും കുപ്പികളും ഇപ്പോൾ പഴയങ്ങാടിയിലുള്ള ഒരു ആക്രിക്കടയുടെ കോമ്പൗണ്ടിൽ ശേഖരിച്ച് വെച്ച് ലോറിയിൽ കയറ്റി കൊണ്ടു പോവുകയാണ് ചെയ്യുന്നത്. പൊതുജനങ്ങളുടെ ആശങ്ക പരിഹരിച്ച് പഞ്ചായത്തിന്റെ പദ്ധതി തുക വിനിയോഗിച്ച് നിർമ്മിച്ച കെട്ടിടം പ്രവർത്തനക്ഷമമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| പദ്ധതിയുടെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലനം. |
| പ്രൊജക്റ്റ് നം | 60/21 |
| അടങ്കൽ | ₹500000/- (155000- വികസനഫണ്ട് )<br>(₹95000-സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>(₹250000-ഗുണഭോക്തൃവിഹിതം) |
| ചെലവ് | ₹500000/<br>(₹155000/- വികസനഫണ്ട് )<br>(₹95000/- തനത്ഫണ്ട് )<br>(₹250000-ഗുണഭോക്തൃവിഹിതം) |
| ബിൽനം/ചെക്ക് നം/തീയ്യതി | (1)7/2020-21- 22.1.2021 -₹ 155000<br>(2)2656608/2020-21- 18.1.2021 -₹ 95000 |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

മാടായി ഗ്രാമപഞ്ചായത്ത് വെറ്റിനറി സർജൻ നടപ്പാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നിർവ്വഹണത്തിന്റെ ഭാഗമായി 2,50,000/- രൂപ എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂരിന് കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-30 വിതരണ രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണം : കൃഷി ഓഫീസർ

പ്രോജക്ട് നമ്പർ :175/2021

പ്രോജക്ടിന്റെ പേര് :സ്വയം പര്യാപ്ത കാർഷിക ഗ്രാമം

വകയിരുത്തിയ തുക : ₹100000/- (വികസന ഫണ്ട് )

: ₹100000/- (ജില്ലാ പഞ്ചായത്ത് )

ബിൽ നമ്പർ തീയ്യതി,തുക : 25/20-21, 13/3/21, 29500/-

മേൽ പദ്ധതിക്കുവേണ്ടി VFPCK കൃഷി വിജ്ഞാൻ കേന്ദ്രം ,കാസർഗോഡ് എന്ന സ്ഥാപനത്തിൽ നിന്നും ഞാലിപ്പൂവൻ വാഴക്കന്ന് ഒന്നിന് 15/- രൂപ നിരക്കിൽ 4700 എണ്ണവും, കല്ല്യാശ്ശേരി ബ്ലോക്ക് അഗ്രോ സർവ്വീസ് സെന്ററിൽ നിന്നും 15/- രൂപ നിരക്കിൽ 2000 എണ്ണവും വാങ്ങിയിട്ടുണ്ട്.എന്നാൽ ഇതിൽ 4700 വാഴക്കന്നുകൾ വാർഡ് മെമ്പർമാർ മുഖേന വിതരണം ചെയ്തത് സംബന്ധിച്ച രേഖകൾ ഹാജരാക്കി എങ്കിലും ബാക്കി വരുന്ന 2000 വാഴക്കന്നുകൾ വിതരണം നടത്തിയ രജിസ്റ്റർ ഹാജരാക്കിയതിൽ 71 ഗുണഭോക്താകളുടെ പേര്, ഒപ്പ് രേഖപ്പെടുത്തിയതല്ലാതെ വിതണം ചെയ്ത വഴക്കന്നുകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. വാഴക്കന്നുകൾ വിതരണം നടത്തിയത് സംബന്ധിച്ച രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ (നം. 33/27-07-21)ത്തിന് ലഭ്യമാക്കിയ മറുപടിയിൽ ഒരാൾക്ക് 10 വാഴക്കന്നുകളാണ് നൽകിയത് എന്നും വിതരണം സംബന്ധിച്ച രേഖകൾ ഹാജരാക്കുന്ന എന്നും മറുപടി നൽകിയെങ്കിലും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-31 ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

2020-21 സാമ്പത്തിക വർഷത്തിൽ ആകെ മാടായി ഗ്രാമ പഞ്ചായത്തിൽ അംഗൻവാടി പോഷകഹാര പദ്ധതിയുടെ ഭാഗമായി 16,27,771/- രൂപയ്ക്ക് ന്യൂട്രിമിക്സ് വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടറുടെ 01.02.2010, 05.06.2010 എന്നീ തീയ്യതികളിലെ ഐ.സി.ഡി.എസ്.ബി. 3-312/2010 നമ്പർ കത്തുകൾ പ്രകാരം ഓരോ രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണം എന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പരിശോധനകൾ നടത്തിയിട്ടുള്ളതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ഹാജരാക്കിയതിൽ ഫുഡ് ടെസ്റ്റ് ലാബിലേക്ക് 26-09-19 ന് കത്ത് അയച്ചിട്ടുണ്ടെങ്കിലും മറുപടി ലഭ്യമായിട്ടില്ല എന്നാണ് അറിയിച്ചത്. രണ്ട് മാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. മേൽ വിഷയം പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-32 പൂർത്തിയായ മരാമത്ത് പ്രവർത്തികളുടെ ബിൽ സമർപ്പിക്കുന്നതിലെ കാലതാമസം പദ്ധതി പണം നഷ്ടപ്പെടുന്നതിന് ഇടയാക്കുന്നു.

2019- 20 ൽ പൂർത്തിയായ പ്രവർത്തികളുടെ ബിൽ സമർപ്പിക്കുന്നതിലെ കാലതാമസം കാരണം 2019-20 ൽ പദ്ധതി പണം നഷ്ടപ്പെട്ടതിന്റെ ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് ചെലവ് തുക | പ്രവൃത്തി പൂർത്തിയായ തീയതി | ബിൽ ട്രഷറി യിൽ സമർപ്പിച്ച ദിവസം | ബിൽ സമർപ്പി ക്കുന്നതിന് എടുത്ത ദിവസങ്ങൾ |
|---|---|---|---|---|
| 1 | 65/2020 രാജീവ് റാം റോഡ് മുതൽ മുതലക്കുളം റോഡ് വരെ സോളിംഗ് ടാറിംഗ് ₹352509 | 30-01-2020 | 29-02-2020 | 33 |
| 2 | 40/2020 കൃഷ്ണൻ നായർ റോഡ് മാടായി കള്ള് ഷാപ്പ് മുതൽ സുൽത്താൻ | 28-01-2020 | 29-02-2020 | 35 |

| | | | | |
|---|---|---|---|---|
| | കനാൽ റോഡ് വരെ റീടാറിംഗ് ₹480305 | | | |
| 3 | 19/2020 ഗവൺമെന്റ് എൽ പി സ്കൂളിന് ജൈവവൈവിധ്യപാർക്ക് ₹58545 | 12-02-2020 | 19-03-2020 | 37 |
| 4 | 32/2020 പി കെ എം റോഡ് റീടാറിംഗ് ഓവ് ചാൽ നിർമ്മാണം ₹537765 | 03-10-2019 | 07-12-2019 | 66 |

2019-20 ൽ പൂർത്തിയായ പ്രവൃത്തികളുടെ ബിൽ സമർപ്പിക്കുന്നതിലെ കാലതാമസം കാരണം ക്യൂ ബിൽ ആയതിനാൽ മേൽ പ്രവൃത്തികളിൽ 14 ലക്ഷത്തിൽ അധികം രൂപ നഷ്ടപ്പെട്ടിട്ടുണ്ട്. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ പൂർത്തീകരിക്കുന്ന മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി ബിൽ സമർപ്പിച്ച് പദ്ധതി പണം പാഴാക്കാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-33 സ്റ്റോർ പർച്ചേയ്സ് മാനദണ്ഡങ്ങൾ പാലിക്കാതെ പദ്ധതി നടപ്പാക്കി

A) പ്രോജക്ട് നമ്പർ :123/2020

പ്രോജക്ടിന്റെ പേര് :വയോജനങ്ങൾക്ക് കട്ടിൽ (സ്പിൽ ഓവർ)

വകയിരുത്തിയ തുക : ₹113100/- വികസന ഫണ്ട്

ആകെ : ₹113100 /-

ബിൽ നം ,തീയ്യതി,തുക :1/20-21,11/05/2020, 113086 /-

B) പ്രോജക്ട് നമ്പർ :35/2021

പ്രോജക്ടിന്റെ പേര് :വയോജനങ്ങൾക്ക് കട്ടിൽ

വകയിരുത്തിയ തുക : ₹317550/- വികസന ഫണ്ട്

ആകെ : ₹317550/-

ബിൽ നം ,തീയ്യതി,തുക :12/20-21,27/02/2021, 317510 /-

2020-21 വർഷം നിർവ്വഹണം ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പിലാക്കിയ മേൽ പ്രോജക്ടുകൾ പ്രകാരം പഞ്ചായത്തിലെ 60വയസിനു മുകളിൽ പ്രായമുള്ള ജനറൽ വിഭാഗത്തിൽപ്പെട്ട 99 (പ്രോജക്ട് നമ്പർ :123/2020, 26 എണ്ണം, പ്രോജക്ട് നമ്പർ :35/2021ൽ 73 എണ്ണം) വയോജനങ്ങൾക്ക് സിഡ്കോ, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ടുള്ള വാങ്ങൽ മുഖേന ഒന്നിന് 4350/- നിരക്കിൽ കട്ടിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സ്റ്റോർ പർച്ചേസ് ഡിപ്പാർട്ടുമെന്റിന്റെ GO(RT) 49/19 ,14.11.19 പ്രകാരം സിഡ്കോ ഓരോ ഉൽപ്പന്നങ്ങൾക്കും വില നിശ്ചയിച്ചു നൽകിയിട്ടുണ്ട്.എന്നാൽ പദ്ധതി പ്രകാരം വാങ്ങിയ 1.98mx90 Cm, മരത്തിന്റെ കട്ടിൽ, ഏത് മരത്തിന്റെതാണ് എന്ന് വ്യക്തമാക്കിയിട്ടില്ല. സ്പെസിഫിക്കേഷൻ പ്രകാരമുള്ള കട്ടിൽ സിഡ്കോ വില നിശ്ചയിച്ച പ്രസ്തുത ഉത്തരവിൽ ഇല്ല.ഭാവിയിൽ വില നിലവാരപട്ടികയിൽ ഇല്ലാത്ത ഇനങ്ങൾ വാങ്ങുമ്പോൾ സ്റ്റോർ പർച്ചേയ്സ് മാനദണ്ഡങ്ങൾ കൂടി പാലിച്ചു കൊണ്ട് വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 കുഞ്ഞുമാവിൻ ഇട്ടൽ സാംസ്കാരിക നിലയത്തിന് ഫർണ്ണിച്ചർ-ടെണ്ടർ അംഗീകരിച്ചതിലെ അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്റ്റ് നം | 88/21 |
| പ്രോജക്റ്റിന്റെ പേര് | കുഞ്ഞുമാവിൻ ഇട്ടൽ സാംസ്കാരിക നിലയത്തിന് ഫർണ്ണിച്ചർ |
| അടങ്കൽ | 50,000 SCP |
| ചെലവ് | 30,534 |
| | |

| ബിൽ നം/തിയതി | 16/21 13.3.21 |
|---|---|

മേൽ പ്രൊജക്ട് പ്രകാരം ഫിഡ്കോ എൻറർ പ്രൈസസ്,കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ മുഖേന 30 Fiber Armed Chairs(Nilkkamal 2060) ,2 Steel Almirah (6*3*11/4-18 Gauge) എന്നിവ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ടെണ്ടർ രേഖകൾ പരിശോധിച്ചതിൽ നിന്നും താഴെക്കൊടുത്തിരിക്കുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

എ) <u>കുറഞ്ഞ തുക ക്വാട്ട് ചെയ്ത അസിം ഡിസൈനിംഗ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ നിരസിച്ചു.</u>

കുറഞ്ഞ തുക ക്വാട്ട് ചെയ്തതിനാലാണ് ഫിഡ്കോ എൻറർ പ്രൈസസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചത് എന്നാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ടെണ്ടർ രേഖകൾ പരിശോധിച്ചതിൽ നിന്നും അസിം ഡിസൈനിംഗ് എന്ന സ്ഥാപനമാണ് മേൽ സ്പെസിഫിക്കേഷനുകൾക്ക് കുറഞ്ഞ തുക ക്വാട്ട ചെയ്തത് എന്ന കാണുന്നു.

| | Steel Almirah-ക്വാട്ട് ചെയ്ത തുക | Steel Almirah-രണ്ടെണ്ണത്തിന് | Fiber Armed Chairs-ക്വാട്ട് ചെയ്ത തുക | Fiber Armed Chairs-30 എണ്ണത്തിന് | ആകെ |
|---|---|---|---|---|---|
| അസിം ഡിസൈനിംഗ് | 7230 | 14460 | 532 | 15960 | 30420 |
| ഫിഡ്കോ എൻറർ പ്രൈസസ് | 6942 | 13884 | 555 | 16650 | 30534 |

കുറഞ്ഞ തുക ക്വാട്ട് ചെയ്ത അസിം ഡിസൈനിംഗ് എന്ന സ്ഥാപനം ഒഴിവാക്കി ഫിഡ്കോ എൻറർ പ്രൈസസിന് ടെണ്ടർ അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക്(നം.21/25.7.21) പ്രൊക്യൂർമെന്റ് കമ്മറ്റി സാമ്പിൾ പരിശോധിച്ച് ഗുണനിലവാരവും ഡിസൈനും മെച്ചപ്പെട്ടത് ഫിഡ്കോ കമ്പനി പരിശോധനയ്ക്ക് ഹാജരാക്കിയതും മുൻപ് വാങ്ങിച്ചിട്ടുള്ളതുമായ ഫിഡ്കോ എന്റർപ്രൈസസിന്റെ ഫർണ്ണിച്ചറുകൾ ആണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ടി സ്ഥാപനത്തിന് ടെണ്ടർ അനുവദിച്ചതെന്ന് മറുപടി നൽകിയിട്ടുണ്ട്.എന്നാൽ 2020-21 വർഷത്തെ പ്രൊക്യൂർമെന്റ് കമ്മറ്റി മിനറ്റ്സ് പരിശോധിച്ചതിൽ കുറഞ്ഞ വില ക്വാട്ട് ചെയ്തതിനാലാണ് ഫിഡ്കോ എന്റർപ്രൈസസിന് ടെണ്ടർ അനുവദിക്കുകയും മറ്റുള്ളവ നിരസിക്കുകയും ചെയ്തതെന്ന് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.(നം.4/28.10.20).ഗുണനിലവാരം പരിശോധിച്ചതിനെക്കുറിച്ച് രേഖപ്പെടുത്തലുകളൊന്നുമില്ല.

ബി)<u>Armed Fibre Chair ഇനത്തിൽ കുറഞ്ഞ നിരക്കുള്ള മോഡലുകൾ പരിഗണിച്ചില്ല.</u>

Steel Almirah ഇനത്തിൽ ഏറ്റവും കുറഞ്ഞ വില ക്വാട്ട് ചെയ്ത ഫിഡ്കോ എൻറർ പ്രൈസസ്,അസിം ഡിസൈനിംഗ് എന്നീ സ്ഥാപനങ്ങൾ( ₹555, ₹532) കുറഞ്ഞ വിലയുള്ള മറ്റ് Armed Fibre Chair മോഡലുകൾ ക്വാട്ട് ചെയ്തിട്ടുണ്ട്.

1.ഫിഡ്കോ എൻറർ പ്രൈസസ്

| | |
|---|---|
| Nilkamal 2097 | 498 |
| Nilkamal 2160 | 498 |
| Nilkamal 2071 | 492 |
| Chairman 3200 | 478 |
| Chairman 3100 | 472 |

2.അസിം ഡിസൈനിംഗ്

| | |
|---|---|
| Nilkamal 2097 | 482 |

| | |
|---|---|
| Nilkamal 2160 | 482 |
| Nilkamal 2071 | 483 |

മേൽ അപാകത്തിന് മറുപടിയായി ഫണ്ടിന്റെ ലഭ്യതയും ഗുണനിലവാരവും പരിഗണിച്ചാണ് ഓർഡർ കൊടുത്തത് എന്നാണ് അറിയിച്ചിരിക്കുന്നത്.എന്നാൽ Armed Fibre Chair എന്ന ഇനത്തിൽ ക്വാട്ട് ചെയ്ത മേൽ സൂചിപ്പിച്ച മോഡലുകൾ പരിശോധിച്ചതിന്റെ യാതൊരു രേഖകളും ലഭ്യമാക്കിയിട്ടില്ല. ജി.ഓ(പി)നം.3/13 SPD/21.6.13 ഖ.9.16,ഖ.9.17 എന്നിവ പ്രകാരം നിരക്ക്,ഗുണനിലവാരം വില നിബന്ധനകൾ മുതലായവ അടിസ്ഥാനമാക്കി ടെണ്ടറുകൾ താരതമ്യം ചെയ്യേണ്ടതും കുറഞ്ഞ നിരക്കുള്ള ടെണ്ടർ അംഗീകരിക്കേണ്ടതുമാണ്.കുറഞ്ഞ നിരക്ക് സ്വീകാര്യമല്ലാത്ത സംഗതികളിൽ ആയതിനുള്ള കാരണം രേഖപ്പെടുത്തേണ്ടതാണ്. മേൽ അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-35 സ്കൂളിൽ പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം -ഗുണഭോക്താക്കളുടെ വിവരം ലഭ്യമല്ല.-₹89,500 തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്റ്റ് നം | 67/20-21 (Spill Over 108/19-20) |
| പ്രോജക്റ്റിന്റെ പേര് | സ്കൂളിൽ പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം |
| അടങ്കൽ | 1,20,000 |
| ചെലവ് | 89,500 |
| ബിൽ നം/തിയതി | 7/19-20 27.3.20 29,500<br>8/20-21 16.07.20 60,000 |

മാടായി ഗ്രാമപഞ്ചായത്തിലെ ഗവ.സ്കൂളിലെ പെൺകുട്ടികൾക്ക് കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനും വ്യക്തിത്വ വികസനത്തിനും സഹായിക്കുന്നതിന് കരാട്ടെ പരിശീലനം നൽകുന്നതിനാണ് പ്രൊജക്ട്. ഗവ. സ്കൂളുകളിലെ 50 പെൺകുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് 16.1.20 മുതൽ 15.2.20 വരെ ദിവസം 2 ബാച്ചായി പരിശിലനം നടന്നു എന്നാണ് പ്രൊജക്ട് രേഖകളിൽ നിന്ന് മനസ്സിലാക്കുന്നത്.കുട്ടികൾക്ക് ലഘു ഭക്ഷണം വാങ്ങിയ വകയിൽ 29,000 രൂപയുടെയും യൂണിഫോം,പരിശീലകനുള്ള തുക എന്നിവ ഉൾപ്പെടെ 60,000 രൂപയുടെയും ചെലവ് വന്നിട്ടുണ്ട്.പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1.പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം. 11/2018/തസ്വഭവ, തിയതി. 29.01.2018 ഖണ്ഡിക 7.6 ൽ ജില്ലാ പഞ്ചായത്തുകൾക്ക് നടത്താവുന്ന പദ്ധതിയായാണ് കരാട്ടെ പരിശീലനം വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ രീതിയിൽ പ്രോജക്ടുകൾ നടപ്പാക്കേണ്ടി വന്നാൽ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.

2.പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം. 11/2018/തസ്വഭവ, തിയതി. 29.01.2018 ഖണ്ഡിക 7.6 യിൽ 14 പ്രകാരം ഹൈസ്കൂൾ,ഹയർസെക്കന്ററി വിദ്യാർത്ഥിനികളാണ് ടി പദ്ധതിയുടെ ഗുണഭോക്താക്കളാകേണ്ടത്. പ്രോജക്ട് പൂർത്തീകരണ സാക്ഷ്യപത്രത്തിൽ ഹൈസ്കൂൾ ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥിനികൾക്ക് പരിശീലനം നൽകി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഓഡിറ്റ് എൻക്വയറിക്ക്(നം.22/26.7.21) മറുപടിയായി ഹാജരാക്കിയ ഹാജർ രേഖകളിൽ കുട്ടികളുടെ പേരും ഹാജരും മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കരാട്ടെ പരിശീലനത്തിൽ പങ്കെടുത്ത പെൺകുട്ടികൾ പഠിക്കുന്ന സ്കൂൾ,ക്ലാസ്സ് തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല. മേൽ കാരണങ്ങളാൽ ₹89,500യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സമാനമായ പദ്ധതി ജില്ലാ പഞ്ചായത്ത് മുഖാന്തിരം നടപ്പാക്കീട്ടില്ലായെന്ന് ഉറപ്പാക്കിയും, കുട്ടികളുടെ ഹാജർ, ക്ലാസ് വിവരങ്ങൾ അടങ്ങിയ രേഖ ഓഡിറ്റിന് ഹാജരാക്കിയും തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-36 സമയബന്ധിതമായി കരാർ ചമക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല.

കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2009.6 അനുസരിച്ച് സെലക്ഷൻ നോട്ടീസിന്റെ തിയതി മുതൽ 14 ദിവസങ്ങൾക്കുള്ളിൽ പ്രവൃത്തി ലഭിച്ച കരാറുകാരൻ കരാർ ഉടമ്പടി ചമച്ചിരിക്കേണ്ടതാണ്. തുടർന്നുള്ള 10 ദിവസങ്ങളിൽ കരാർ തുകയുടെ 1% പിഴ ഈടാക്കിക്കൊണ്ട് കരാർ ചമക്കാൻ അനുവദിക്കാവുന്നതാണ്. എന്നാൽ ചില പ്രവൃത്തികളിൽ സെലക്ഷൻ നോട്ടീസ് ലഭിച്ച് നിശ്ചിത സമയത്തിനുള്ളിൽ കരാർ ചമക്കാത്തതിന് മാന്വലിൽ അനുശാസിക്കുന്ന പിഴ ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ | പ്രവൃത്തിയുടെ | സെലക്ഷൻ | പിഴ കൂടാതെ | കരാർ | ഈടാക്കേണ്ട |
|---|---|---|---|---|---|

| നം | പേര്, കരാർ തുക, കരാറുകാരൻ | നോട്ടീസിന്റെ തിയതി | കരാർ ചമക്കേണ്ടിയിരുന്ന അവസാനതിയതി | ചമച്ച തീയതി | പിഴ |
|---|---|---|---|---|---|
| 1 | 196/21 വെങ്ങര പ്രിയദർശിനി സ്കൂൾ ടോയ് ലറ്റ് നിർമ്മാണം<br>ചെക്ക് നം. 85574/03-08-2020 196474<br>PAC 201986<br>പ്രജീഷ് വി | 16-09-2019 | 30-09-2019 | 10-10-2019 | 2110 |
| 2 | പുതിയവളപ്പ് സിദ്ദിഖ് പള്ളി റോഡ് ടാറിംഗ്<br>ബിൽ നം 22/16-11-2020<br>PAC 327817<br>മുഹമ്മദ് റാഫി | 25-10-2019 | 08-11-2019 | 16-11-2019 | 3278 |
| ആകെ | | | | | 5388 |

കരാർ ചമക്കുന്നതിന് കാലതാമസത്തിന് പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-37 പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് വിതരണം-ലാപ്ടോപ്പ് ലഭ്യമാക്കിയത് പഠനകാലയളവിനു ശേഷം.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രോജക്റ്റ് നം | 131/21 |
| പ്രോജക്റ്റിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്(Spill Over SO.76/19-20) |
| അടങ്കൽ | 1,83,160 SCP |
| ചെലവ് | 1,83,160 |
| ബിൽ നം/തിയതി | 1/20-21 16.7.20 |

മാടായി ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസക്കാരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനാണ് പ്രൊജക്ട്.Cprcs ൽ നിന്നും നേരിട്ട് വാങ്ങൽ രീതി ആണ് അവലംബിച്ചിരിക്കുന്നത്.

ആയതിൻ പ്രാകരം കെൽട്രോണിൽ നിന്നും ₹22,895 വീതം വിലയുള്ള ലാപ്ടോപ്പ് വാങ്ങി 8 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.2019-20 ൽ നിർവ്വഹണം പൂർത്തിയാകേണ്ടിയിരുന്ന പ്രൊജക്ട് 2020-21 ലേക്ക് Spill Over ആവുകയാണുണ്ടായത്.18.2.21 നാണ് ലാപ്ടോപ്പുകൾ വിതരണം ചെയ്തിരിക്കുന്നത്.താഴെക്കൊടുത്തിരിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ കോഴ്സ് പൂർത്തിയാകുന്ന കാലയളവിന് ശേഷമാണ് ലാപ്ടോപ്പ് ലഭിച്ചിരിക്കുന്നത്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം പഠിക്കുന്ന ക്ലാസ് | പഠനം പൂർത്തിയാകുന്ന വർഷം |
|---|---|---|---|
| 1 | പ്രണവ് പ്രദീപ് പി. | B.Sc Statistics 2nd Year During 2018-19 | 2020 March |
| 2 | ശരത് ലാൽ പി. | 3 Year Diploma,Started 2017 August | 2020 August |
| 3 | ശ്വേതാപുരുഷോത്തമൻ | BA 2nd Year During 2018-19 | 2020 March |
| 4 | ഗോകുല ഇ. | B Ed. In Malayalam During 2018-20 | 2020 |

മേൽ അപാകം ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക് (22/26.7.21) പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പിന്റെ വില Cprcs നിശ്ചയിക്കുന്നതിനു കാലതാമസം വന്നതിനാലും ട്രഷറി നിയന്ത്രണം മൂലം ബില്ല് ക്യൂ ബില്ലായതിനാലും കെൽട്രോണിൽ നിന്നും ലാപ്ടോപ്പ് ലഭിക്കുന്നതിന് താമസം വന്നതിനാലുമാണ് ലാപ്ടോപ്പ് വിതരണം താമസിച്ചത് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. ബിരുദ,ബിരുദാനന്തര,ഡിപ്ലോമ വിദ്യാർത്ഥികൾക്ക് പഠനസഹായത്തിനായി നൽകുന്ന ലാപ്ടോപ് അവരുടെ പഠനകാലയളവിനുശേഷം ലഭിച്ചതുകൊണ്ട് പ്രയോജനമില്ല. പ്രൊജക്ട് അതിന്റെ ലക്ഷ്യത്തെ സാധൂകരിക്കുന്നില്ലെന്നു മാത്രമല്ല സർക്കാരിന് വ്യക്തമായ നഷ്ടവുമുണ്ടാക്കുന്നു. പഠനോപകരണങ്ങൾ വിതരണം ചെയ്യുമ്പോഴുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ആയതിലേക്ക് ഭരണസമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-38 മത്സ്യത്തൊഴിലാളികളുടെ പെൺകുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം-അപാകങ്ങൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് ഇൻസ്പെക്ടർ |
| പ്രോജക്റ്റ് നം | 121/21 |
| പ്രോജക്റ്റിന്റെ പേര് | മത്സ്യത്തൊഴിലാളികളുടെ പെൺകുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം(Spill Over 23/20) |
| അടങ്കൽ | 138610 |
| ചെലവ് | 138610 |
| ബിൽ നം/തിയതി | 1/20-21/30.6.20 |

മത്സ്യത്തൊഴിലാളികളുടെ പെൺകുട്ടികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനാണ് പ്രൊജക്ട്.Cprcs ൽ നിന്നും നേരിട്ട് വാങ്ങൽ രീതി ആണ് അവലംബിച്ചിരിക്കുന്നത്.ആയതിൻ പ്രകാരം കെൽട്രോണിൽ നിന്നും ₹27,722 വീതം വിലയുള്ള ലാപ്ടോപ്പ് വാങ്ങി 5 വിദ്യാർത്ഥിനികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 2019-20 ൽ നിർവ്വഹണം നടത്തേണ്ടിയിരുന്ന പ്രൊജക്ട് 2020-21 ലേക്ക് Spill Over ആവുകയാണുണ്ടായത്. 01.03.2021 നാണ് ലാപ്ടോപ്പുകൾ വിതരണം ചെയ്തിരിക്കുന്നത്.

എ) <u>പഠനകാലയളവിനുശേഷമാണ് ലാപ്ടോപ്പ് ലഭ്യമായിരിക്കുന്നത്.</u>

താഴെക്കൊടുത്തിരിക്കുന്ന വിദ്യാർത്ഥിനികൾക്ക് അവരുടെ കോഴ്സ് പൂർത്തിയാകുന്ന കാലയളവിന് ശേഷമാണ് ലാപ്ടോപ്പ് ലഭിച്ചിരിക്കുന്നത്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം പഠിക്കുന്ന ക്ലാസ് | പഠനം പൂർത്തിയാകുന്ന വർഷം |
|---|---|---|---|
| 1 | ഫർസാന എം.കെ | BA 6th Semester During 2019-20 | 2020 March |
| 2 | ഫാത്തിമ ഹസ്സൻ | B.Tech Civil ,S8 During 2019-20 | 2020 March |
| 3 | സിന്ധു പത്രോസ് | BSW During 2017-20 | 2020 March |

ബിരുദതലം ഉന്നതവിദ്യാഭ്യാസത്തിലേർപ്പെടുന്ന വിദ്യാർത്ഥിനികൾക്ക് പഠനസഹായത്തിനായി നൽകുന്ന ലാപ്ടോപ് അവരുടെ പഠനകാലയളവിനുശേഷം ലഭിച്ചതുകൊണ്ട് പ്രയോജനമില്ല. പ്രൊജക്ട് അതിന്റെ ലക്ഷ്യത്തെ സാധൂകരിക്കുന്നില്ലെന്നു മാത്രമല്ല സർക്കാരിന് വ്യക്തമായ നഷ്ടവുമുണ്ടാക്കുന്നു. പഠനോപകരണങ്ങൾ വിതരണം ചെയ്യുമ്പോഴുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിലേക്ക് ഭരണസമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

ബി) ഒരാൾക്ക് 2 വ്യത്യസ്ത കോഴ്സ് സർട്ടിഫിക്കറ്റ്:

ഫാത്തിമ ഹസ്സൻ എന്ന ഗുണഭോക്താവ് ഫിഷറീസ് ഡിപ്പാർട്ട്മെന്റിൽ സമർപ്പിക്കുന്നതിനായി നേടിയ 2016-17 വർഷത്തെ മറ്റൊരു കോഴ്സ് കൂടി ഫയലിൽ ലഭ്യമാണ്. മേൽ ഗുണഭോക്താവ് ഇതേ ആനുകൂല്യം ഇതിനു മുൻപ് നേടിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. മേൽ അപാകം ചൂണ്ടിക്കാട്ടി നൽകിയ എൻക്വയറിക്ക് (23/26.07.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-39 ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ -₹275,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പ്രോജക്റ്റ് നം | 31/20-21 |
| പ്രോജക്റ്റിന്റെ പേര് | ക്ഷീര കർഷകർക്ക് പാലിന് അധിക വില നൽകൽ |
| അടങ്കൽ | 3,60,000/-<br>1,20,000 -പൊതുവിഭാഗം<br>1,20,000 -ജില്ലാ പഞ്ചായത്ത്<br>1,20,000-ബ്ലോക്ക് പഞ്ചായത്ത് |
| ചെലവ് | 2,75,000/- |

മാടായി ഗ്രാമപഞ്ചായത്തിലെ സ്ഥിരതാമസക്കാരായ ക്ഷീരകർഷകർക്ക് 2020-21വർഷത്തിൽ ക്ഷീരസംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ലിറ്ററിന് 3 രൂപ പ്രകാരം സബ്സിഡി അനുവദിക്കുന്നതിനാണ് മേൽ പ്രൊജക്ട്. മാടായി ക്ഷീരവ്യവസായ സഹകരണ സംഘത്തിൽ ഗുണഭോക്താക്കൾ പാൽ അളന്നതു സംബന്ധിച്ച രേഖകൾ ലഭ്യമല്ല. രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.20/25.7.21) മറുപടി നൽകിയിട്ടില്ല.₹ 2,75,000 തടസ്സപ്പെടുത്തുന്നു.

## 1-40 ക്ഷീരസംഘം മുഖേന കാലിത്തീറ്റ വിതരണം-ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല.₹ 2,70,195/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പ്രോജക്റ്റ് നം | 107/20-21 |
| പ്രോജക്റ്റിന്റെ പേര് | ക്ഷീരസംഘം മുഖേന കാലിത്തീറ്റ വിതരണം |
| അടങ്കൽ | 3,00,000/-പൊതുവിഭാഗം |
| ചെലവ് | 2,70,195/- |
| ബിൽ നം. | 7/20-21 Dt 30.1.21<br>8/20-21 Dt 30.1.21<br>9/20-21 Dt 30.1.21<br>10/20-21 Dt 30.1.21 |

മാടായി ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിൽ വരുന്ന ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീര കർഷകർക്ക് പ്രതിമാസം 100kg കാലിത്തീറ്റ 50% സബ്സിഡിയോടു കൂടി വിതരണം ചെയ്യുന്നതിനാണ് പ്രൊജക്ട്. കേരളാ ഫീഡ്സിൽ നിന്നാണ് കാലിത്തീറ്റ വാങ്ങി വിതരണം ചെയ്തിരിക്കുന്നത്. ജൂൺ, ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ മാടായി ക്ഷീര സഹകരണ സംഘത്തിൽ നിന്നും ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ (നം.20/25.07.2021)ത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത മാസങ്ങളിലെ ചെലവു തുകയായ ₹1,51,875 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-41 പട്ടികജാതി വിഭാഗക്കാർക്ക് കാലിത്തീറ്റ സബ്സിഡി -ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല. ₹74000/- തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നം | 109/20-21 |
| പ്രോജക്റ്റിന്റെ പേര് | പട്ടിക ജാതി വിഭാഗക്കാർക്ക് കാലിത്തീറ്റ സബ്സിഡി |
| അടങ്കൽ | 1,23,000/-എസ്.സി.പി. |
| ചെലവ് | 74,000/- |
| ബിൽ നമ്പർ | 3/20-21 Dt 30.01.21<br>4/20-21 Dt 30.01.21<br>5/20-21 Dt 30.01.21<br>6/20-21 Dt 30.01.21<br>12/20-21 Dt 28.03.21<br>13/20-21 Dt 28.03.21<br>14/20-21 Dt 28.03.21 |

മാടായി ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിൽ വരുന്ന ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന പട്ടിക ജാതിക്കാരായ ക്ഷീര കർഷകർക്ക് പ്രതിമാസം 100kg കാലിത്തീറ്റ 75% സബ്സിഡിയോടു കൂടി വിതരണം ചെയ്യുന്നതിനാണ് പ്രൊജക്ട്. കേരളാ ഫീഡ്സിൽ നിന്നാണ് കാലിത്തീറ്റ വാങ്ങി വിതരണം ചെയ്തിരിക്കുന്നത്. ക്ഷീരസംഘത്തിൽ നിന്നും ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ (നം.20/25.07.2021)ത്തിന് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ₹74000 തടസ്സപ്പെടുത്തുന്നു.

## 1-42 മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ്-കൃത്യത ഉറപ്പാക്കുന്നില്ല

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. എഗ്രിമെന്റിൽ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ കേരള PWD മാന്വലിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

2. കരാറുകാർക്ക് അയച്ചിട്ടുള്ള സെലക്ഷൻ നോട്ടീസുകളിൽ 14 ദിവസത്തിനുള്ളിൽ എഗ്രിമെന്റ് ചമയ്ക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും പല നോട്ടീസുകളിലും നോട്ടീസ് അയച്ച തിയതി, കൈപ്പറ്റിയ തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

3. മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ലേ ബോർഡിനുള്ള തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുന്നില്ല. ഉൾപ്പെടുത്തിയവയിൽ പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നില്ല.

4. മോണിറ്ററിംഗ് റിപ്പോർട്ട് അസിസ്റ്റന്റ് എഞ്ചിനീയർ മാത്രമാണ് സാക്ഷ്യപ്പെടുത്തുന്നത്

5. മരാമത്ത് വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുന്നില്ല.

6.എഗ്രിമെന്റിൽ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല.
അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

## 1-43 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ-മോണിറ്ററിംഗ് ഘട്ടങ്ങൾ കാര്യക്ഷമമാക്കണം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 74 മരാമത്ത് പ്രവൃത്തികൾക്കാണ് അംഗീകാരം ലഭ്യമാക്കിയതെങ്കിലും 56 പ്രവൃത്തികൾക്കുള്ള തുക മാത്രമാണ് ട്രഷറിയിൽ നിന്നും തൻവർഷം പിൻവലിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ 3.68 കോടി രൂപയിൽ 2.17 കോടി രൂപയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. 58.97% മാത്രമാണ് തൻവർഷത്തെ ചെലവ്.

സർക്കുലർ നം.ഡി.എ.1/26/2019/തസ്വഭവ തിയതി 25-01-2019 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടം തീരുന്ന മുറയ്ക്കും പാർട്ട് ബിൽ എഴുതുന്ന രീതി കൃത്യമായി അവലംബിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും നിർദ്ദേശം കാര്യക്ഷമമായി നടപ്പാക്കപ്പെട്ടിട്ടില്ല എന്ന് വിലയിരുത്തുന്നു.

ഓഡിറ്റ് നിർദ്ദേശം

1. സാമ്പത്തിക വർഷാവസാനം കൂടുതൽ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

2. സർക്കാർ നിർദ്ദേശം പാലിച്ച് കൊണ്ട് പ്രവൃത്തികളുടെ ഓരോ ഘട്ടവും തീരുന്ന മുറയ്ക്ക് പാർട്ട് ബില്ലുകൾ അനുവദിച്ച് തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. വികസന സ്റ്റാന്റിംഗ് കമ്മിറ്റി, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ ഇടപെടൽ നടത്തേണ്ടതാണ്.

## 1-44 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നടപടിക്രമം പാലിക്കാതെ പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച്

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 36 പ്രവൃത്തികളിൽ താഴെ പറയുന്ന പ്രവൃത്തികൾ

1. വട്ടക്കാട് തോട് സൈഡ് കോൺക്രീറ്റ് (വാർഡ് - 12 )

2. മാടായി കുർമ്പക്കാവ് കൾവർട്ട് (വാർഡ് -6 )

3. കീരിച്ചാൽ തോട് സൈഡ് കോൺക്രീറ്റ് (വാർഡ് - 11 )

4. മഞ്ഞേരി മുഹമ്മദ്കുഞ്ഞി നടപ്പാത (വാർഡ് - 20 )

5. കൃഷ്ണൻകുട്ടി നടപ്പാത (വാർഡ് - 6 )

സാങ്കേതികാനുമതി കിട്ടുന്നതിന് മുമ്പ് ടെണ്ടർ പോലും നടത്താതെയും മസ്റ്റർ റോൾ ലഭിക്കാതെയും പ്രവൃത്തി പൂർത്തീകരിച്ചതായും ആയതിന്മേൽ പൊതുജനങ്ങളിൽ നിന്നും പരാതി കല്ല്യാശ്ശേരി ബ്ലോക്കിൽ ലഭിച്ചതിനെ തുടർന്ന് മാടായി ഗ്രാമ പഞ്ചായത്തിന്റെ ചാർജ് ഓഫീസർ അന്വേഷണം നടത്തുകയും പ്രവൃത്തി സ്ഥലം സന്ദർശിച്ച് നിജസ്ഥിതി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രവൃത്തികൾക്ക് യാതൊരു കാരണവശാലും മസ്റ്റർറോൾ നൽകുകയോ ടെണ്ടർ ചെയ്യുകയോ ബിൽ തുക നൽകുകയോ ചെയ്യാൻ പാടില്ലായെന്ന് MGNREGS എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയതായും മേൽ പറഞ്ഞ 5 വർക്കുകൾ ഒഴിവാക്കി ബാക്കി വരുന്ന 31 പ്രവൃത്തികളുടെ ടെണ്ടർ Unskilled വേതനം കൂടുന്ന മുറയ്ക്ക് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചാൽ മതിയെന്നും ഭരണ സമിതിയുടെ 27.9.2020 ലെ 2/2020(2) നം തീരുമാനത്തിലുണ്ട്.

മേൽ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി, പ്രവൃത്തികളുടെ ബിൽ തുക നൽകിയതിന്റെ വിവരങ്ങൾ, പ്രവൃത്തി ഫയലുകൾ എന്നിവ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.30 തീയതിക്ക് മേൽ പ്രവൃത്തികൾ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയിട്ടില്ലായെന്ന മറുപടിയാണ് അക്രഡിറ്റഡ് എഞ്ചിനീയർ സമർപ്പിച്ചത്. ബന്ധപ്പെട്ട ഫയൽ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. മേൽ പ്രവൃത്തികളിന്മേൽ സ്വീകരിക്കുന്ന നടപടി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 19.07.2021 | കെ.എസ്.എ./കെ.എൻ.ആർ./സി.2/765/2021 തീയതി 18.08.2021 |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 35000 | ക്ഷീരകർഷകർക്ക് പാലിന് അധിക വില നല്കൽ, | 35000 | 0 |
| ആകെ | | 35000 | | 35000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-202 | 375000 | ഭിന്നശേഷി യുള്ള വിദ്യാർത്ഥികൾ ക്കുള്ള സ്കോളർഷിപ്പ്, ബത്ത നല്കൽ, | 375000 | 0 |
| | 2020-21 | 2019-2020 | | | |
| | 2019-2020 | 300000 | പാലിയേറ്റീവ് പരിചരണം | 300000 | 0 |
| | 2019-2020 | 495025 | കാലിക്കൽ കുടിവെള്ള | 495025 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പദ്ധതി | | |
| | | 120000 | ക്ഷീര കർഷകർക്ക് പാലിന് അധിക വില നല്കൽ, | 120000 | 0 |
| ആകെ | | 1290025 | | 1290025 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ്ഇബി മാടായി | തെരുവ് വിളക്കിന് ലൈൻ വലിക്കൽ | 24/03/2021 | 300000 | 300000 | 0 |
| കെഎസ് ഇ ബി പഴയങ്ങാടി | തെരുവ് വിളക്കിന് ലൈൻ വലിക്കൽ | 09-11-2020 | 267908 | 267908 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

താഴെ പറയും പ്രകാരം 15000രൂപയുടെ ഷെയർ സർട്ടിഫിക്കറ്റുകൾ ഉണ്ട്

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 15000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 15,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 15,000 |

വർഷാവസാനം അവശേഷിക്കുന്ന ഷെയർ സർട്ടിഫിക്കറ്റുകളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കണ്ണൂർ കോപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി, ഷെയർ സർട്ടിഫിക്കറ്റ് നം. 7 തീയതി 16.06.15 ,ഷെയർ നമ്പർ 123D | 15,000രൂപ |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|---|---|
| 2016-17 | 2.1 | 2013-14<br>2014-15 | 2-1(I) | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് |
| | | | 2.1(II) | തൊഴിൽ നികുതി അടക്കുന്ന കച്ചവടക്കാരുടെ എണ്ണം കുറവ് |
| | | | 2.1(III) | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി അടക്കാത്തത് |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 72769938 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73859363 |
| വരവിനങ്ങളിലുള്ള നഷ്ടം | 5388 |
| ചെലവിനങ്ങളിലുള്ള നഷ്ടം -ഭരണതല നടപടികളിലൂടെ ഈടാക്കേണ്ടത് | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 25,44,491 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം (ഗ്രാമപഞ്ചായത്ത് ഈടാക്കേണ്ടത്)

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-36 | 2110 | ശ്രീമതി.അനിത.ടി.സി, അസി.എഞ്ചിനീയർ |
| | 3278 | ശ്രീമതി.അശ്വിനി ചെമ്മഞ്ചേരി, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 108217 | ശ്രീ.ഫറൂഖ് എം അസിസ്റ്റന്റ് സെക്രട്ടറി സെക്രട്ടറിയുടെ അധിക ചുമതല |
| 1-19 | 14,40,000 | ശ്രീ.സുനിൽ കുമാർ പി വി,ഇ.ഒ മാടായി |
| 1-21 | 1,00,000 | ശ്രീ.സുനിൽ കുമാർ പി വി,ഇ.ഒ മാടായി |

| | | |
|---|---|---|
| 1-25 | 1,76,829 | ശ്രീ.ഫറൂഖ് എം അസിസ്റ്റന്റ് സെക്രട്ടറി |
| 1-27 | 10750 | ഡോ.സമീർ പി കെ മെഡിക്കൽ ഓഫീസർ |
| 1-35 | 29500 | ശ്രീമതി ഗീത വി കെ ഹെഡ് മിസ്ട്രസ്സ് |
| | 60000 | ശ്രീ ബാബു കെ ഹെഡ് മാസ്റ്റർ |
| 1-39 | 275000 | ശ്രീ.ജോസ് ജയകുമാർ ഡയറി ഫാം ഇൻസ്പെക്ടർ |
| 1-40 | 270195 | ശ്രീ.ജോസ് ജയകുമാർ ഡയറി ഫാം ഇൻസ്പെക്ടർ |
| 1-41 | 74000 | ശ്രീ.ജോസ് ജയകുമാർ ഡയറി ഫാം ഇൻസ്പെക്ടർ |
| ആകെ | 2544491 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ഫറൂഖ് എം, അസിസ്റ്റന്റ് സെക്രട്ടറി | ജൂനിയർ സൂപ്രണ്ട്, മാടായി ഗ്രാമപഞ്ചായത്ത് | ഫൗസിയ മൻസിൽ ചുമട് താങ്ങി പി ഒ മുണ്ടൂർ കണ്ണൂർ |
| ശ്രീമതി.അനിത.ടി.സി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, മാട്ടൂൽ ഗ്രാമപഞ്ചായത്ത് | സീനായ്, പെരിയാട്ട്, പിലാത്തറ, വിളയാങ്കോട് |
| ശ്രീമതി.അശ്വിനി ചെമ്മഞ്ചേരി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, മാടായി ഗ്രാമപഞ്ചായത്ത് | തിരുവാതിര, മാടായിക്കാവ് നോർത്ത്, പഴയങ്ങാടി.പി.ഒ, 670303 |
| ശ്രീ.സുനിൽ കുമാർ പി വി,ഇ.ഒ മാടായി | വി,ഇ.ഒ, മാടായി ഗ്രാമപഞ്ചായത്ത് | കിഴക്കേ വീട്, മാവിച്ചേരി പയ്യന്നൂർ |
| ഡോ.സമീർ പി കെ മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പി എച്ച് സി മുട്ടം | സ്മിത കീഴൂർ പിഒ വഴി മേലടി കോഴിക്കോട് |
| ശ്രീമതി ഗീത വി കെ ഹെഡ് മിസ്ട്രസ്സ് | ഹെഡ് മിസ്ട്രസ്സ്, ജി എം യു പി എസ് മാടായി കണ്ണൂർ | സൗരഭ്യം, തിലാന്നൂർ പെരിക്കാട് റോഡ് താഴെചൊവ്വ പിൻ 670018 |
| ശ്രീ.ബാബു കെ, ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ, വെങ്ങര വെൽഫേയർ യു പി സ്കൂൾ, വെങ്ങര പിൻ 670305 | കല്ലേൻ ഹൗസ്, ചെവിടിച്ചാൽ, പഴയങ്ങാടി 670303 |
| ശ്രീ.ജോസ് ജയകുമാർ ഡയറി ഫാം ഇൻസ്പെക്ടർ | ഡയറി ഫാം ഇൻസ്പെക്ടർ | ശബനം, പള്ളിക്കര, താവം.പി ഒ, കണ്ണൂർ |

| | |
|---|---|
| | ഡയറി എക്സ്റ്റൻഷൻ യൂണിറ്റ്, തളിപറമ്പ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | കെ.എസ്.എ/കെ.എൻ.ആർ/ സി12/579/2019 തീയതി 03.06.19 | 1 |
| 2002-03 | കെ.എസ്.എ/കെ.എൻ.ആർ/ സി12/579/2019 തീയതി 03.06.19 | 1 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/ സി12/579/2019 തീയതി 03.06.19 | 4 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/ സി12/579/2019 തീയതി 03.06.19 | 3 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ/ സി12/579/2019 തീയതി 03.06.19 | 3 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/ സി12/579/2019 തീയതി 03.06.19 | 9 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/ സി12/579/2019 തീയതി 03.06.19 | 5 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/ സി12/579/2019 തീയതി 03.06.19 | 6 |
| 2010-11,11-12 | കെ.എസ്.എ/കെ.എൻ.ആർ/ സി12/579/2019 തീയതി 03.06.19 | 3 |
| 2012-13 | കെ.എസ്.എ/കെ.എൻ.ആർ/ സി12/579/2019 തീയതി 03.06.19 | 1 |
| 2013-14,14-15 | കെ.എസ്.എ/കെ.എൻ.ആർ/ സി12/579/2019 തീയതി 03.06.19 | 3 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/ സി12/579/2019 തീയതി 03.06.19 | 18 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/ സി12/579/2019 തീയതി 03.06.19 | 17 |
| 2017-18 | കെ എസ് എ/കെ എൻ ആർ/ സി12-278/2019 തീയതി:01.04.19 | 18 |
| 2018-19 | കെ എസ് എ/കെ എൻ ആർ/ സി12-1454/2019 തീയതി:17.10.19 | |
| | | |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മാടായി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം - 3

## ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്സ്

| Madayi Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | BankFor the period from 01-April-2020 to 31-March-2021 | RP-40(a) | 13260741.61 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1923838.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 1408.00 |
| 140000000 | Fees & User Charges | RP-4 | 552753.00 |
| 150000000 | Sale & Hire Charges | RP-5 | 85439.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 58520907.00 |
| 171000000 | Interest Earned | RP-9 | 206948.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6449145.00 |
| 350000000 | Other Liabilities | RP-36 | 186565.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-29 | 15159.00 |
| 340000000 | Deposits Received | RP-34 | 118025.00 |
| 350000000 | Other Liabilities | RP-36 | 271057.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4438694.00 |
| | Grand total | | 86030679.61 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3453960.00 |
| 220000000 | Administrative Expenses | RP-12 | 1095066.00 |
| 230000000 | Operations & Maintenance | RP-13 | 1762519.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6060718.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 17110608.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3473478.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 1749002.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 387040.00 |
| 255000000 | Maintenance Projects | RP-20 | 9456713.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 5000.00 |

| | | | |
|---|---|---|---|
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 40000.00 |
| 280000000 | Prior Period item | RP-26 | 630022.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 0.0 |
| 350000000 | Other Liabilities | RP-36 | 5438805.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 13026.00 |
| 311000000 | Earmarked Funds | RP-29 | 32000.00 |
| 340000000 | Deposits Received | RP-34 | 62500.00 |
| 350000000 | Other Liabilities | RP-36 | 2286787.00 |
| 410000000 | Fixed Assets | RP-38 | 6686102.00 |
| 412000000 | Capital work in Progress | RP-40 | 8107585.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4403229.00 |
| 460000000 | Loans, Advances and Deposits | RP-47 | 1605003.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 12036886.61 |
| Cash | Cash | RP-40(b) | 134630.00 |
| | Grand Total | | 86030679.61 |

| Madayi Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5811187.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 1408.00 |
| 140000000 | Fee & User Charges | I-4(b) | 936853.00 |
| 150000000 | Sale & Hire Charges | I-5(b) | 411239.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 155286718.00 |
| 171000000 | Interest Earned | I-8 | 206948.00 |
| 180000000 | Other Income | I-9 | 33675.00 |
| | Total Income | | 162688028.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 12062502.00 |
| 220000000 | Administrative Expenses | I-11(b) | 1388892.00 |
| 230000000 | Operations & Maintenance | I-12(b) | 1998466.00 |
| 240000000 | Interest & Finance Charges | I-13 | 13026.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8343491.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 41083563.00 |
| 252000000 | Decentralised Plan Programme-Infrastructure | I-14(b) | 3403368.00 |

| | | | |
|---|---|---|---|
| | Sector | | |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1749002.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 66463240.00 |
| 255000000 | Maintenance Projects | I-14(e) | 9456713.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 5000.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 40000.00 |
| 270000000 | Provisions and Write off | I-16 | 3928.00 |
| 272000000 | Depreciation | I-17(a) | 6580965.00 |
| | Total Expenditure | | 152592156.00 |
| | Gross Surplus/ Deficit of income over Expenditure | | 10095872.00 |
| 280000000 | Prior Period Item | I-18 | -1174133.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 11270005.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| Madayi Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 25617923.67 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 4064.00 |
| 312000000 | Reserves | B-3 | 46825683.00 |
| | Total Reserve & Surplus | | 72447670.67 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6230630.84 |
| | Total Grants, Contributions for Specific Purposes | | 6230630.84 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 135992.00 |
| 350000000 | Other Liabilities | B-9 | 1441918.10 |
| | Total Current Liabilities and Provisions | | 1577910.10 |
| | TOTAL LIABILITIES | | 80256211.61 |
| | ASSETS | | |
| | | | |

| | | | |
|---|---|---|---|
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 83274600.00 |
| 411000000 | Accumulated Depreciation | B-11 | -22303980.00 |
| 412000000 | Capital Work in Progress | B-11(a) | 594024.00 |
| | Total Fixed Assets | | 61564644.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 15000.00 |
| | Total Investments | | 15000.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 4578589.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 12171516.61 |
| 460000000 | Loans, Advances and Deposits | B-18 | 1926462.00 |

| | |
|---|---|
| Total Current Assets, Loans and Advances | 18676567.61 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 80256211.61 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.